# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നടുവിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/1922/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/1922/23 തീയ്യതി: 21/12/2023

## കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-10-2022 മുതൽ 02-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഏ. ആർ . ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 16-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-12-2023 | 16-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു ടി.പി.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി നിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബേബി ഓടംപള്ളിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ദിനേശൻ കെ. | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ. അജിത്ത് കുമാർ . വി. പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 24-10-2022 |
| ശ്രീ. ശിഹാബ്. എം | സെക്രട്ടറി | 25-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രതോഷ്.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 22-04-2022 |
| ശ്രീ. അജിത്ത് കുമാർ . വി. പി | അസിസ്റ്റന്റ് സെക്രട്ടറി | 12-05-2022 | 31-10-2022 |
| ശ്രീ.ഹുസൈൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 21-11-2022 | 31-03-2023 |
| ശ്രീ.ഡിക്സൻ ദേവസ്സി | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീ.രാമകൃഷ്ണൻ മാവില വീട് | കൃഷി ഓഫീസർ | 30-07-2022 | 05-02-2023 |
| ശ്രീമതി ഗായത്രി ഉണ്ണി | കൃഷി ഓഫീസർ | 06-02-2023 | 31-03-2023 |
| ഡോ.കൃഷ്ണപ്രിയ.കെ | മെഡിക്കൽ ഓഫീസർ-ആയുർവേദ | 01-04-2022 | 29-05-2022 |
| ഡോ.ശാലിന്യ. പി. ടി | മെഡിക്കൽ ഓഫീസർ-ആയുർവേദ | 30-05-2022 | 31-03-2023 |
| ശ്രീമതി.ഉദിഷ. എ. പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-05-2022 |
| ശ്രീമതി. സജന കായക്കിൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-06-2022 | 31-03-2023 |
| ഡോ.മന്ദ ശേഖർ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ബാബു.എ.വി | ഹെഡ്മാസ്റ്റർ | 01-04-2022 | 04-07-2022 |
| ശ്രീമതി.ഷീജ ആൻഡ്രൂസ് | ഹെഡ്മിസ്ട്രസ് | 05-07-2022 | 31-03-2023 |
| ശ്രീ.രാജീവ്. സി. കെ | വി.ഇ.ഒ ,വെള്ളാട് സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ.കമാലുദ്ദീൻ.എൻ.പി | വി ഇ ഒ, നടുവിൽ | 01-04-2022 | 15-10-2022 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| ശ്രീമതി.ജീജ.സി.കെ | വി ഇ ഒ, നടുവിൽ സർക്കിൾ | 27-10-2022 | 31-03-2023 |
| ശ്രീമതി.ദീപ ജോസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.എസ്.എസ്. ധനുഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-06-2022 |
| ശ്രീമതി ധന്യ കെ.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2022 | 04-08-2022 |
| ശ്രീ.ശരത് പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-08-2022 | 12-08-2022 |
| ശ്രീ. ഷംനാദ് ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-08-2022 | 10-10-2022 |
| ശ്രീമതി ധന്യ യു.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 31-10-2022 | 31-03-2023 |
| ഡോ.കെ.സി.മോഹനൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2022 | 30-06-2022 |
| ഡോ.സജീർ കുട്ടന്റകത്ത് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-07-2022 | 28-09-2022 |
| ഡോ.സിമി എം.വി. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 29-09-2022 | 31-03-2023 |

അസിസ്റ്റന്റ് സെക്രട്ടറി 23.04.2022 മുതൽ 11.05.2022 വരെയും 01.11.2022 മുതൽ 20.11.2022 വരെയും ഒഴിവ് അസിസ്റ്റന്റ് എഞ്ചിനീയർ - 11.10.2022 മുതൽ 30.10.2022 വരെ ഒഴിവ് വി.ഇ.ഒ. നടുവിൽ സർക്കിൾ - 16.10.2022 മുതൽ 26.10.2022 വരെ ഒഴിവ്

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക | 1-1-2 |
| 4 | തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തിയത് | 1-1-3 |
| 5 | സ്റ്റെയിൽ ചെക്ക്-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-4 |
| 6 | ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടാത്തത് | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ശുചിത്വ മിഷൻ ഗ്രാന്റ് - ബി 4 പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല | 1-1-8 |
| 10 | ആസ്തി , ഡിപ്രീസിയേഷൻ മൂല്യങ്ങൾ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-9 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ആസ്തികൾക്കായി ചെലവഴിച്ച തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-10 |
| 12 | സെക്യേർഡ് ലോൺ- കണക്കുകളിൽ വ്യത്യാസം | 1-1-11 |
| 13 | അക്കൗണ്ടിംഗ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-12 |
| 14 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക നില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകങ്ങൾ | 1-6-1 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | ഗ്രാമ സഭ | 1-10 |

| | | |
|---|---|---|
| 25 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ചുമത്തുന്നതിലേയും ഈടാക്കുന്നതിലേയും അപാകങ്ങൾ-7200രൂപയുടെ വരവു നഷ്ടം | 1-11 |
| 26 | തൊഴിൽ നികുതി അപാകങ്ങൾ | 1-12 |
| 27 | വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ | 1-13 |
| 28 | പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 29 | അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-15 |
| 30 | കൂട്ടിചേർക്കൽ വരുത്താൻ അനുമതി നൽകിയതും പെർമിറ്റ് കാലാവധി പൂർത്തിയായതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല | 1-16 |
| 31 | തനത് വരുമാനം - അവലോകനം | 1-17 |
| 32 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചു | 1-18 |
| 33 | ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-140029 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-19 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല - ₹349690 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 35 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-21 |
| 36 | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മുഴുവൻ മരുന്നുകളും ലഭ്യമായില്ല- ₹322152യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 37 | പി എച്ച് സിയിൽ ഡോക്ടർ നിയമനം - ഡോക്ടറുടെ വേതനത്തിൽ നിന്നും നിർദ്ദിഷ്ട നിരക്കിൽ ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവു ചെയ്തിട്ടില്ല | 1-23 |
| 38 | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ് പ്രവർത്തനങ്ങൾ-ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- ₹14950 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 39 | കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-25 |
| 40 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ- രേഖകൾ ലഭ്യമാക്കിയില്ല- ₹16140 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 41 | ഒരേ വിദ്യാർത്ഥിക്ക് രണ്ട് വർഷങ്ങളിൽ മേശയും കസേരയും അനുവദിച്ചു-₹4750 തിരിച്ചടക്കേണ്ടതാണ്. | 1-27 |
| 42 | ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചു. | 1-28 |
| 43 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല – തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-29 |

| | | |
|---|---|---|
| 44 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - രേഖകൾ ഹാജരാക്കിയിട്ടില്ല. -₹600000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 45 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-198592രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | 1-31 |
| 46 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-52696രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-32 |
| 47 | അങ്കണവാടി പോഷകാഹാരം- 6മാസം മുതൽ പ്രായമായ കുട്ടികൾക്ക് ന്യൂട്രിമിക്സ് അല്ലാത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു -110259 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-33 |
| 48 | വായാട്ടുപറമ്പ വനിതാ പരിശീലന കേന്ദ്രം- നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല- 72173 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു | 1-34 |
| 49 | പൊതിവച്ച തട്ട് നൂലിട്ടാമല റോഡ് - രേഖകൾ ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും | 1-35 |
| 50 | റോഡ് മാപ്പിംഗ്- പരിശോധന നടത്താതെ തുക നല്കിയതും മറ്റ് അപാകങ്ങളും-57000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-36 |
| 51 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- രേഖകൾ പൂർണ്ണമല്ല-73420 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-37 |
| 52 | കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല-₹14292 രൂപ ഈടാക്കേണ്ടതാണ് | 1-38 |
| 53 | ഗ്രാമപഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ | 1-39 |
| 54 | മാലിന്യ സംസ്കരണം,ജലസംരക്ഷണം - അവലോകനം | 1-40 |
| | **ഭാഗം 2** | |
| 1 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ്- കുറവ് വന്ന തുകയായ ₹7200 ഈടാക്കേണ്ടതാണ്. | 2-1 |
| | **ഭാഗം 3** | |
| 1 | ഒരേ വിദ്യാർത്ഥിക്ക് രണ്ട് വർഷങ്ങളിൽ മേശയും കസേരയും അനുവദിച്ചു-₹4750 തിരിച്ചടക്കേണ്ടതാണ്. | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.06.2023 തീയതിയിലെ 21(1)/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 07.07.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
21.12.2023.

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തിയത്

1.ഐ 9 ഷെഡ്യൂളിൽ റിക്കവറി ഫ്രം അദേഴ്സ് - ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ ചേർത്ത 2,30,000രൂപ ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരിൽ നിന്ന് ഈടാക്കിയതാണെന്ന് വ്യക്തമാക്കിയിട്ടില്ല.
2.മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ, അദേഴ്സ്- വേസ്റ്റ് പ്രോസസിംഗ് എന്ന ഹെഡിൽ (ഐ 14 എ) രേഖപ്പെടുത്തിയ 819783രൂപ വേസ്റ്റ് പ്രോസസിംഗിനായുള്ള ചെലവല്ല.
3.വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായുള്ള ചെലവ് Giving Bed To Old Age People എന്ന ഹെഡിലാണ് ചേർത്തത്. വജ്ര ജൂബിലി ഫെലോഷിപ്പ് അധിക ധനസഹായം എന്ന ഹെഡിൽ രേഖപ്പെടുത്തിയ 47680രൂപ ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങിയ ഇനത്തിലുള്ള ചെലവാണ്.
4.2016-17 സാമ്പത്തിക വർഷത്തെ ചില പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സർക്കാർ അനുമതിയോടെ 2022-23 സാമ്പത്തിക വർഷം നല്കിയിട്ടുണ്ട്. പ്രസ്തുത ചെലവ് പ്രയർ പിരിയഡ് ചെലവ് ആയി ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 സ്റ്റെയിൽ ചെക്ക്-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

സ്റ്റെയിൽ ചെക്ക് ഇനത്തിൽ ബി 9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 63730 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-5 ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടാത്തത്

താഴെ പറയുന്ന വരവിനങ്ങളിൽ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തമായി രേഖപ്പെടുത്തിയ തുകയും വാർഷിക ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല
1.വസ്തു നികുതി
മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രിക ബി 15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശിക ഒന്നും ഇല്ല. എന്നാൽ 2022-23 സാമ്പത്തിക വർഷം കുടിശ്ശിക കലക്ഷൻ ഉണ്ടായിട്ടുണ്ട്.

(2022-23 സാമ്പത്തിക വർഷത്തെ ആർ പി 45 ഷെഡ്യൂളിൽ റസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്ന് 10,05,202 രൂപയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്ന് 5873രൂപയും കുടിശികയായി ഈടാക്കിയിട്ടുണ്ട്.)

ഐ 19 ഷെഡ്യൂളിൽ പ്രയർ പിരിയഡ് ഇൻകം ആയി ചേർത്ത (വസ്തു നികുതി) 11,29,253 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2.വാർഷിക ധനകാര്യപത്രിക പ്രകാരം പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിലെ വരവ് 1050/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഈ ഇനത്തിലെ വരവ് 850/- രൂപയാണ്.
3.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, തൊഴിൽ നികുതി (ഇൻസ്റ്റിറ്റ്യൂഷൺ, ട്രേഡേഴ്സ്) രജിസ്റ്റർ എന്നിവയിൽ വാർഷിക സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

### 1-1-6 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം നടപ്പിലാക്കിയ ഭൂരിഭാഗം പ്രവൃത്തികളുടെ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ വന്നിട്ടില്ല. മുൻവർഷങ്ങളിലെ രേഖപ്പെടുത്തലുകളും പൂർണ്ണമല്ല.
2.ലോൺ രജിസ്റ്റർ പൂർണ്ണമല്ല. 2022-23 സാമ്പത്തിക വർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
3.ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4.സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5.സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയിലുള്ളതല്ല. വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സെക്രട്ടറി അല്ലെങ്കിൽ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വിവിധ വരവിനങ്ങളിൽ സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണൽ എൻട്രി ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ലെഡ്ജറിൽ വർഷാരംഭത്തിലുള്ള എൻട്രി രേഖപ്പെടുത്തി തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-8 ശുചിത്വ മിഷൻ ഗ്രാന്റ് - ബി 4 പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല

ശുചിത്വ മിഷൻ ഗ്രാന്റിനത്തിലുള്ള മുന്നിരിപ്പ് തുകയോട്(177904 ) തൻവർഷത്തെ വരവായ 225000രൂപ കൂട്ടിയാൽ

402904 രൂപയാണ് കിട്ടുന്നത്. ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നുള്ള പ്രോജക്ട് ചെലവായ 1 ലക്ഷം രൂപ (സ്റ്റേറ്റ് ഫണ്ട്) ജേണൽ ചെയ്ത് ഐ 6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയത് വരവിൽ ചേർത്തിട്ടുണ്ട്.(ലെഡ്ജർ പ്രകാരം) . എന്നാൽ ചെലവുകൾ ഒന്നും തന്നെ പ്രസ്തുത ലെഡ്ജറിൽ വരുന്നില്ല. ബി 4 ഷെഡ്യൂളിൽ പ്രസ്തുത ഹെഡിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക 502904രൂപയാണ്. ആയത് ഏത് അക്കൗണ്ടിലാണ് ഉള്ളതെന്നും വ്യക്തമാക്കിയിട്ടില്ല.

### 1-1-9 ആസ്തി , ഡിപ്രീസിയേഷൻ മൂല്യങ്ങൾ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല

ആസ്തി, ഡിപ്രീസിയേഷൻ മൂല്യങ്ങൾ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. എല്ലാ ആസ്തികളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ യാതൊരു രേഖകളും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

### 1-1-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ആസ്തികൾക്കായി ചെലവഴിച്ച തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം പൊതു ആസ്തികളുടെ നിർമ്മാണത്തിനായി ചെലവഴിച്ച തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റുകയോ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

### 1-1-11 സെക്യേർഡ് ലോൺ- കണക്കുകളിൽ വ്യത്യാസം

ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് എസ് സി പി ഇനത്തിൽ രണ്ടാം ഗഡു അനുവദിച്ചപ്പോൾ ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവായി 84774രൂപ സ്രോതസ്സിൽ നിന്ന് കുറവു ചെയ്തിരുന്നു. എന്നാൽ മൂന്നാം ഗഡു അനുവദിച്ചപ്പോൾ ആയതിൽ 56875 രൂപ തിരിച്ചു നല്കിയിട്ടുണ്ട്. തിരിച്ചു കിട്ടിയ തുക പരിഗണിക്കാതെ മുഴുവൻ തുകയും ലോൺ തിരിച്ചടവായി രേഖപ്പെടുത്തിയാണ് ജി ഒ പ്രോജക്ട് തയ്യാറാക്കിയത് എന്നതിനാൽ സെക്യേർഡ് ലോൺ ഇനത്തിൽ ബി 5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയിൽ 56875 രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-12 അക്കൗണ്ടിംഗ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബി 4 ഷെഡ്യൂളിലെ താഴെ പറയുന്ന തുകകൾ ഏതാവശ്യത്തിനായി ഏതൊക്കെ വർഷങ്ങളിൽ ലഭിച്ചതാണെന്നോ ഏതൊക്കെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നോ വ്യക്തമല്ല.

| ഇനം | തുക |
|---|---|
| എം പി ഫണ്ട് | 566177 |
| പൈക്ക | 7000 |
| എസ് എസ് എ | 75700 |
| വിമുക്തി | 22114 |
| കേരളോത്സവം | 20000 |
| അദർ ലയബിലിറ്റീസ് | 298842 |
| ഗ്രാന്റ് ഫോർ ഡ്രിങ്കിംഗ് വാട്ടർ സ്കീംസ് | 22884 |
| എം എൽ എ ഫണ്ട് | 9893 |
| അദർ ഗവൺമെന്റ് ഏജൻസീസ് | 12,35,399 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ | 58381 |
| ജില്ലാ പഞ്ചായത്ത് വിഹിതം-റവന്യൂ | 251827 |
| അദർ ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ്-കാപ്പിറ്റൽ | 15,46,444 |

സമയ പരിധി നിശ്ചയിച്ചാണ് തുക കൈമാറിയതെങ്കിൽ ഈ രീതിയിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല.

ഗുണഭോക്തൃ വിഹിതമിനത്തിൽ നീക്കിയിരിപ്പായി കാണിച്ച 85209 രൂപ ഏത് പദ്ധതിക്കു വേണ്ടി ശേഖരിച്ചതാണെന്നും അറിയിച്ചിട്ടില്ല.

## 1-1-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ഐ 6 ഷെഡ്യൂൾ പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് 5,19,16,070രൂപയും(8153381-റോഡ്,4,25,95,619-നേരിട്ടുള്ള മറ്റ് ചെലവുകൾ, 1167070-ഭരണച്ചെലവിനായുള്ള തുക) ഐ 14സി ഷെഡ്യൂളിലെ ചെലവ് 4,25,95,027രൂപയും ഐ 14 എഫ് ലെ ചെലവ് 223353രൂപയുമാണ്. ആകെ ചെലവ് 42818380രൂപ. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് തുകയൊന്നും മാറ്റിയിട്ടില്ല.

അഡ്വാൻസ് ടു അദേഴ്സ് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയ 10,22,288 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ 1/2 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 28.02.2023 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 72,86,677 | 2,66,19,109 |
| വരവ് | 37,39,65,300 | 39,36,66,242 |
| ആകെ | 38,12,51,977 | 42,02,85,351 |
| ചെലവ് | 37,53,90,000 | 40,52,14,968 |
| നീക്കിയിരിപ്പ് | 58,61,977 | 1,50,70,383 |

ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പും റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പും തമ്മിൽ വലിയ വ്യത്യാസമുണ്ട് (2,66,19,109 - 72,86,677 =1,93,32,432). ആയതിനുള്ള കാരണം പരിശോധിക്കപ്പെടേണ്ടതാണ്.

## 1-3 സാമ്പത്തിക നില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹3,52,25,472 |
| വരവ് | ₹5,36,40,960 |
| ആകെ | ₹8,88,66,432 |
| ചെലവ് | ₹4,02,09,055 |
| നീക്കിയിരിപ്പ് | ₹4,86,57,377 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹7200 |
| ചെലവിനങ്ങളിലുള്ള നഷ്ടം(ഓഡിറ്റിൽ അംഗീകരിക്കാത്ത തുക) | ₹4750 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹20,07,101 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ഡി ബി ടി വരവ് ചെലവുകൾ തുടങ്ങിയ പ്രധാന വരവിനങ്ങൾ ഉൾപ്പെടുന്നില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 38328000 | 38328000 | 32139445 | 6188555 |
| വികസനഫണ്ട്,എസ്.സി.പി | 0 | 591875 | 591875 | 591875 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 6163000 | 6163000 | 6163000 | 0 |
| മെയിന്റനൻസ് ഫണ്ട്,റോഡ് | 0 | 14080000 | 14080000 | 14080000 | 0 |
| മെയിന്റനൻസ് ഫണ്ട്, റോഡിതരം | 0 | 8423000 | 8423000 | 7163832 | 1259168 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 5567145 | 4924710 (ട്രഷറി)+ | 19060855 | 1258102 | 17802753 (*) |

| | | | | | |
|---|---|---|---|---|---|
| ഫണ്ട് | | 8569000 (പി.എഫ്. എം.എസ്) ആകെ 13493710 | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഫണ്ട് | 119543 | 16032(ട്രഷറി)+ 5713000(പി എഫ്എംഎസ്) + 343274(പലിശ) ആകെ 6072306 | 6191849 | 4862851+ 16000(ട്രഷറി) ആകെ 4878851 | 1312998 (**) |
| എസ് എസ് എ | 75700 | 0 | 75700 | 0 | 75700 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 1202165 | 1593652 | 2795817 | 1074846 | 1720971 |
| പൈക്ക | 7000 | 0 | 7000 | 0 | 7000 |
| എം പി ഫണ്ട് | 566826 | 0 | 566826 | 649 | 566177 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ്-കേന്ദ്രം | 22114 | 0 | 22114 | 0 | 22114 |
| ശുചിത്വമിഷൻ | 177904 | 325000 | 502904 | 0 | 502904 |
| ടി എസ് സി | 25000 | 0 | 25000 | 0 | 25000 |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ്-മറ്റ് സർക്കാർ ഏജൻസികൾ | 12,35,399 | 0 | 12,35,399 | 0 | 12,35,399 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് -ക്യാപ്പിറ്റൽ | 15,05,385 | 41059 | 1546444 | 0 | 1546444 |
| കടിവെള്ള പദ്ധതികൾക്കായുള്ള ഗ്രാന്റ് | 22884 | 0 | 22884 | 0 | 22884 |
| എ എൽ എ ഫണ്ട് | 9893 | 0 | 9893 | 0 | 9893 |
| എം പി ഫണ്ട്(2) | 0 | 1785904 | 1785904 | 0 | 1785904 |
| ഹെൽത്ത് ഗ്രാന്റ് | 0 | 162284 | 162284 | 117942 | 44342 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 297031 | 297031 | 245271 | 51760 |
| സ്വഛ് ഭാരത് അഭിയാൻ | 0 | 240000 | 240000 | 240000 | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 2500 | 1200000 | 1202500 | 0 | 1202500 |

(*)4924710 ട്രഷറി അലോട്ട്മെന്റായി ലഭിച്ചതിൽ ബാക്കി, 12878043-ബാങ്ക് അക്കൗണ്ട്

(**)32 രൂപ ട്രഷറി അലോട്ട്മെന്റിൽ ബാക്കി, 1312966 ബാങ്ക്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 208 | 13,61,67,075 | 136 | 9,01,78,934 | 15 | 121 | 72 | 58 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 4080040 | 4075040 | 99.88 |
| 2 | വെറ്റിനറി സർജൻ | 6 | 6 | 6873300 | 6528300 | 94.98 |
| 3 | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 12 | 8 | 5035019 | 3572650 | 70.96 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 400000 | 400000 | 100 |
| 5 | വി.ഇ.ഒ | 22 | 19 | 46204350 | 20276621 | 43.88 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 7887556 | 6361746 | 80.66 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2500000 | 2189824 | 87.59 |
| 8 | സെക്രട്ടറി | 30 | 14 | 12283763 | 6492883 | 52.86 |
| 9 | അസി. എഞ്ചിനീയർ | 109 | 63 | 44416371 | 34065758 | 76.70 |
| 10 | ഹെഡ് മാസ്റ്റർ | 10 | 9 | 1820776 | 1550212 | 85.14 |
| 11 | അസി സെക്രട്ടറി | 2 | 2 | 4665900 | 4665900 | 100 |
|  | ആകെ | 208 | 136 | 136167075 | 90178934 | 66.23 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 17,778 | 11,69,471 | 11,87,249 | 11,67,079 | 20,170 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ ചെലവ് ഉൾപ്പെടെ) | 0 | 5,07,46,599 | 5,07,46,599 | 5,07,46,599 | 0 |
| ആകെ | 17,778 | 5,19,16,070 | 5,19,33,848 | 5,19,13,678 | 20,170 |

ഐ 6 ഷെഡ്യൂളിൽ 5,19,16,070രൂപയാണ് വരവ് കാണിച്ചിട്ടുള്ളത്. ഐ 14സി, ഐ 14 എഫ് ഷെഡ്യൂളുകളിൽ (42595027+139882+83471) ചെലവായി രേഖപ്പെടുത്തിയ തുകയും യഥാർത്ഥ ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൃത്യമായ വരവ് ചെലവ് കണക്കുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകങ്ങൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പൊതുഅപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കുന്ന സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ആണ് സൈറ്റിൽ സ്ഥാപിക്കുന്നത് എന്നാണ് എം.എൻ.ആർ.ഇ.ജി എസ് വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്. പ്രവൃത്തി ഫയലിനോടൊപ്പം ഉള്ള ഫോട്ടോകളിൽ ബോർഡ് മതിലുകളിലോ മറ്റോ ചാരി വെച്ച നിലയിലാണ് കാണുന്നത്. ചില ബോർഡുകളിൽ അക്ഷരങ്ങൾ മാഞ്ഞു തുടങ്ങിയതായും ഫോട്ടോകളിൽ നിന്ന് വ്യക്തമാകുന്നു.

കുറഞ്ഞത് പത്തു വർഷമെങ്കിലും സൈറ്റിൽ നിലനില്ക്കുന്ന രീതിയിൽ ബോർഡുകൾ സൈറ്റിൽ ഉറപ്പിച്ചു നിർത്തണമെന്നാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളത്.

പലതരത്തിലുള്ള മോഡൽ എസ്റ്റിമേറ്റുകളും ഡിസൈനുകളും പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ ഏതെങ്കിലും രീതി തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കി വേണമായിരുന്നു ബോർഡുകൾ സ്ഥാപിക്കേണ്ടിയിരുന്നത്. സൈറ്റിൽ സ്ഥിരമായി ഉറപ്പിച്ച് നിർത്തുന്ന രീതിയിൽ ബോർഡുകൾ സ്ഥാപിക്കാത്തത് ഗുരുതരമായ അപാകമാണ്. കൂടാതെ, ബോർഡുകൾ സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്ഥാപനവുമായി ചമച്ച എഗ്രിമെന്റും ഹാജരാക്കിയിട്ടില്ല. വ്യക്തമായ നിർദ്ദേശങ്ങൾ നല്കാതെയും ഗുണമേന്മ ഉറപ്പു വരുത്താതെയും ബോർഡുകൾ സ്ഥാപിക്കുന്നത് ക്രമപ്രകാരമല്ല. ഉചിത നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

2. പ്ലാന്റേഷൻ പിറ്റുകൾ സ്ഥാപിക്കൽ

പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉടമസ്ഥരുടെ പേര് മാത്രമാണ് രേഖപ്പെടുത്തുന്നത്. സർവ്വേ നമ്പറും സ്ഥലത്തിന്റെ ഉടമസ്ഥരുടെ പേരും എസ്റ്റിമേറ്റിലും എം ബുക്കിലും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. പ്ലാന്റേഷൻ പിറ്റുകളിൽ തൈകൾ നട്ടിട്ടുണ്ട് എന്ന് ഉറപ്പു വരുത്തിക്കൊണ്ട് അധികാരപ്പെട്ട ഉദ്യോഗസ്ഥർ നല്കുന്ന സാക്ഷ്യപത്രം ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

3. റോഡ് നിർമ്മാണ പ്രവൃത്തികൾ

റോഡുകളുടെ അസറ്റ് കോഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ഭൂമിയിൽ റോഡ് നിർമ്മിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ആസ്തി നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് അസറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കാത്തത് അപാകമാണ്.

4. ജി എസ് ടി – ടി ഡി എസ്

സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് ജി എസ് ടി ഉൾപ്പെടെയുള്ള ബിൽ തുകയാണ് നല്കുന്നതെങ്കിലും അവരിൽ നിന്നും 2% ജി എസ് ടി, ടി ഡി എസ് ചെയ്യാതെയാണ് തുക നല്കിയിട്ടുള്ളത്. വിതരണക്കാരിൽ നിന്നും ജി എസ് ടി ഈടാക്കി ഒടുക്കു വരുത്തേണ്ടതും അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 37,85,200 | 225 |
| വിധവാ പെൻഷൻ | 1,53,60,200 | 1003 |
| വാർധക്യകാല പെൻഷൻ | 4,51,43,000 | 3185 |
| ഭിന്നശേഷി പെൻഷൻ | 58,51,000 | 376 |
| അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 8,50,200 | 53 |
| വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2023-ന് രാവിലെ 11.43 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 200 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ്

സ്റ്റാഫ് മീറ്റിംഗ് മിനുട്സ് അപൂർണ്ണമാണ്. മിനുട്സ് യഥാസമയം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഭരണസമിതി തീരുമാനങ്ങൾ അംഗീകാരത്തിനയക്കാൻ കാലതാമസം വരുത്തുന്നു

യോഗങ്ങൾ ചേർന്ന ശേഷം തീരുമാനങ്ങൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം വരുത്തിയിട്ടുണ്ട്. ഇത് 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(4), 26(6), 26(8) എന്നിവയുടെ ലംഘനമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം നടന്ന തീയതി | അംഗീകാരത്തിനയച്ച തീയതി | അംഗീകരിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 24.12.2022 | 28.02.2023 | 28.02.2023 |
| 20.12.2022 | 28.02.2023 | 28.02.2023 |
| 08.12.2022 | 24.12.2022 | 24.12.2022 |
| 01.12.2022 | 24.12.2022 | 24.12.2022 |
| 25.01.2023 | 28.02.2023 | 28.02.2023 |

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളിലൊന്നും തന്നെ പദ്ധതി അവലോകന ചർച്ചകൾ നടക്കുന്നില്ല. പദ്ധതി രൂപീകരണവുമായി നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ചുരുങ്ങുന്നത് ശരിയല്ല. നിക്ഷിപ്ത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതിലേക്കും ഓരോ പദ്ധതിയും പൂർത്തിയാകുന്ന മുറക്ക് വർക്കിംഗ് ഗ്രൂപ്പിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനെ മാറ്റി നിർത്തി രൂപീകരിക്കുന്ന മോണിറ്ററിംഗ് സമിതികൾ പദ്ധതി അവലോകനം നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതിലേക്കും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ആസ്തി രജിസ്റ്റർ

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ആസ്തി രജിസ്റ്റർ വർഷങ്ങളായി കാലികമാക്കാത്ത അവസ്ഥയിലാണുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പൊതു ആസ്തികളുടെ വിവരങ്ങൾ ഒന്നും തന്നെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡ് മാപ്പിംഗ് നടത്തുന്നതിനായി ആർ ട്രാക്കിംഗ് വഴി വിവര ശേഖരണത്തിനായി പദ്ധതി നടപ്പിലാക്കിയിരുന്നുവെങ്കിലും ശേഖരിച്ച വിവരങ്ങൾ പരിശോധനാ വിധേയമാക്കാതെയാണ് ബിൽ തുക നല്കിയിട്ടുള്ളത്.

ആസ്തി സംരക്ഷണം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഭൂനികുതി ഒടുക്കുകയോ കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലും 6/22, 8/22, 9/22, 12/22 മാസങ്ങളിലായി നാലു തവണ വീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങൾ, 2022-23 വാർഷിക പദ്ധതി, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ലൈഫ് 2020 ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി തയ്യാറാക്കൽ, സ്റ്റാറ്റസ് റിപ്പോർട്ട് 2022-23, ലേബർബജറ്റും ആക്ഷൻ പ്ലാനും 2023-24, അതിദരിദ്രരുടെ പട്ടിക അംഗീകരിക്കൽ തുടങ്ങിയവയാണ് പ്രധാന അജണ്ടകൾ.

ഗ്രാമസഭാ മിനുട്സ് അതാത് ഗ്രാമസഭകളിൽ പങ്കെടുക്കുന്ന 15 പേരെങ്കിലും സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ചുമത്തുന്നതിലേയും ഈടാക്കുന്നതിലേയും അപാകങ്ങൾ-7200രൂപയുടെ വരവു നഷ്ടം

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.02.2018 തീയതിയിലെ 4/4(1) നമ്പർ തീരുമാനപ്രകാരം താഴെപറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ വിഭാഗം | ലൈസൻസ് ഫീസ് |
|---|---|---|
| 1 മൈക്രോ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 10ലക്ഷം വരെ | 200 |
| | 1000001 മുതൽ 15ലക്ഷം വരെ | 300 |
| | 1500001 മുതൽ 25 ലക്ഷം വരെ | 500 |

| | | |
|---|---|---|
| സേവന മേഖല | 5 ലക്ഷം വരെ | 200 |
| | 500001 മുതൽ 10 ലക്ഷം വരെ | 500 |
| 2. മിനി എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 2500001 മുതൽ 1കോടി വരെ | 1000 |
| സേവന മേഖല | 1000001 മുതൽ 50 ലക്ഷം വരെ | 1000 |
| 3 സ്മോൾ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 10000001 മുതൽ 2 കോടി വരെ | 2000 |
| | 20000001 മുതൽ 3 കോടി വരെ | 3000 |
| | 30000001 മുതൽ 5 കോടി വരെ | 5000 |
| സേവന മേഖല | 5000001 മുതൽ 75 ലക്ഷം വരെ | 2000 |
| | 7500001 മുതൽ 15000000വരെ | 3000 |
| | 15000001 മുതൽ 2 കോടി വരെ | 5000 |
| 4 മീഡിയം എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 50000001രൂപ മുതൽ 10കോടി വരെ | 10000 |
| സേവന മേഖല | 20000001മുതൽ 5 കോടി വരെ | 10000 |
| 5 ലാർജ്ജ് എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 100000001 രൂപ മുതൽ | 15000 |
| സേവന മേഖല | 5കോടിക്ക് മുകളിൽ | 15000 |

ലൈസൻസ് ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. മിക്ക അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. മൂലധനനിക്ഷേപം രേഖപ്പെടുത്തിയവയിൽ താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| സ്ഥാപനം/മേഖല | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധന നിക്ഷേപം (അപേക്ഷയിൽ രേഖപ്പെടുത്തിയത്) | ഈടാക്കിയ തുക/രശീത് നം,തീയതി | ഈടാക്കേണ്ട തുക (ഭരണ സമിതി തീരുമാന പ്രകാരം) | കുറവ് |
|---|---|---|---|---|---|---|
| ടെക്സ്റ്റൈൽസ് & റെഡിമെയ്ഡ്സ്/ സേവനമേഖല | 1/1220 A12 | റ്റിജിമോൾ സി വി | 10 ലക്ഷം | 200, 121010105803/ 23.02.2022 | 500 | 300 |
| ടയർ വർക്ക്/ സേവനമേഖല | 1/1342 | ജഗദീഷ് | 6ലക്ഷം | 200, 121010105744/ 23.02.2022 | 500 | 300 |
| വസ്ത്ര വ്യാപാരം/ സേവനമേഖല | 16/219 | രാജൻ | 10ലക്ഷം | 200, 1220100163/ 22.04.2022 | 500 | 300 |
| വസ്ത്രവ്യാപാരം/ സേവനമേഖല | 1/1085 B,C | രതീഷ് കുമാർ | 8ലക്ഷം | 200, 1220100241/ | 500 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | കെഎസ് | | 27.04.2022 | | |
| ആയുർവേദ പ്രകൃതി ചികിത്സ കേന്ദ്രം/ സേവനമേഖല | 7/266 | ഫാദർ ജോർജ് കുരുവിള | 9ലക്ഷം | 200, 1220100383/ 06.05.2022 | 500 | 300 |
| ഹോട്ടൽ/ സേവനമേഖല | 1/1264 | മുജീബ് | 10ലക്ഷം | 200, 1220100482/ 10.05.2022 | 500 | 300 |
| മെഡിക്കൽ ഷോപ്പ് / സേവനമേഖല | - | മഞ്ജു ജോസ് | 8ലക്ഷം | 200, 1220101055/ 14.06.2022 | 500 | 300 |
| വളം കീടനാശിനി വിൽപ്പന/ സേവനമേഖല | - | സെക്രട്ടറി നടുവിൽ സർവീസ് സഹകരണ ബാങ്ക് | 50ലക്ഷം | 300, 1220101002/ 09.06.2022 | 1000 | 700 |
| മോനിപ്പള്ളി സ്റ്റോർസ്/ സേവനമേഖല | 1/1140 | അന്നമ്മ ചാക്കോ | 35ലക്ഷം | 200, 1220101771/ 03.08.2022 | 1000 | 800 |
| മോനിപ്പള്ളി സ്റ്റോർസ് / സേവനമേഖല | 1/1141 | ചാക്കോ എംജെ | 1 കോടി | 200, 1220101769/ 03.08.2022 | 3000 | 2800 |
| നീതി മെഡിക്കൽ സ്റ്റോർ / സേവനമേഖല | 16/288 E1 | പ്രജിത്ത് | 15ലക്ഷം | 500, 1220102550/ 01.10.2022 | 1000 | 500 |
| ഫാസ്റ്റ് ഫുഡ് ആൻഡ് ടീ ഷോപ്പ്/ സേവനമേഖല | 14/152 | ഇബ്രാഹിം | 6ലക്ഷം | 200, 1220106362/ 06.03.2023 | 500 | 300 |
| | | | | | ആകെ | ₹7200 |

2. ചില സ്ഥാപനങ്ങളിൽ നിന്നും ഭരണസമിതി തീരുമാനത്തിൽ പരാമർശിക്കാത്ത തുക ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം/മേഖല | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഈടാക്കിയ തുക/ രശീത് നം,തീയതി |
|---|---|---|---|
| റബ്ബർ വ്യാപാരം/ സേവനമേഖല | 1/1324,1325 | ബിജോയ് ആന്റണി | ₹4000, 1210105787/23.02.22 |
| റെഡിമെയ്ഡ് വസ്ത്രാലയം/ സേവനമേഖല | - | അബ്ദുൾ മജീദ് | ₹300, 1220100009/07.04.22 |
| അനാദിക്കച്ചവടം/ സേവനമേഖല | 12/580,581.582 | ജോജോ ടി എ | ₹300,1220100869/01.06.22 |

3. ശ്രീ ബെന്നി തോമസ് എന്നയാൾക്ക് റിസോർട്ട് നടത്തിപ്പിനായി 2022-23 വർഷം 1000 രൂപ ഈടാക്കി പുതുതായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ മൂലധനനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ലൈസൻസ് ഫീസ് നിശ്ചയിച്ചതിന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ലൈസൻസ് രജിസ്റ്റർ പ്രകാരം 7 ക്വാറികൾക്കും ഒരു ക്രഷറിനും ഓഡിറ്റ് വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ കെ.പി ഇബ്രാഹിം ഹാജി, സി.എ ഷറഫുദ്ദീൻ, സാജ് ക്വാറി എന്നിവരുടെ ഫയൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 4 ക്വാറികൾക്കും ഒരു ക്രഷറിനും ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ, അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5.ലെസൻസ് രജിസ്റ്റർ പ്രകാരം 2022-23 വർഷത്തെ കളക്ഷൻ കൂട്ടിയാൽ ലഭിക്കുന്ന തുക 289880 ആണ്(2022-23 വർഷത്തേക്കുള്ള അഡ്വാൻസ് കളക്ഷൻ ഉൾപ്പെടെ). എന്നാൽ സംഗ്രഹത്തിൽ ഇത് 285750/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി വി കൃഷ്ണൻ എന്നയാളുടെ സ്ഥാപനത്തിന്റെ 2023-24 വർഷത്തെ ഫീസായ 5000 രൂപ തൻവർഷ കളക്ഷനായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സാജ് ക്വാറിയുടെ 2022-23 വർഷത്തെ കളക്ഷൻ തുകയായ 1000 രൂപ രജിസ്റ്ററിൽ കളക്ഷനായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/10.12.2023) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതും, ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും കുറവ് വന്ന ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2022-23 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസെടുത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ ലൈസൻസ് രജിസ്റ്റർ പ്രകാരം | ലൈസൻസിയുടെ പേര്/സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 181 | ഹിൽലാന്റ് തട്ടുകട | 5 |
| 320 | ഹിൽടോപ്പ് റിസോർട്ട് | രേഖപ്പെടുത്തിയിട്ടില്ല |
| 323 | ഏഞ്ചൽസ് അപ്പാരൽസ് | രേഖപ്പെടുത്തിയിട്ടില്ല |
| 353 | ഹരിത സൂപ്പർമാർക്കറ്റ് | 7 |
| 432 | എം.ജെ അസോസിയേറ്റ്സ് | 3 |
| 444 | സെന്റ് ജോസഫ് ഹോസ്പിറ്റൽ കാന്റീൻ | 4 |
| 447 | ഹൈ ലൈൻ ബേക്കറി | 4 |
| 465 | സിറ്റിക്സ് ലോജിസ്റ്റിക്സ് | 3 |
| 566 | സി കെ ജ്വൽസ് | 3 |
| 587 | ചിലാക്സ് ലോഡ്ജ് | 4 |

2. ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 വർഷം 7 ക്വാറികൾക്കും 1 ക്രഷറിനും ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സാജ് ക്വാറിയിലെ ജീവനക്കാരിൽ നിന്ന് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മറ്റ് ക്വാറി, ക്രഷറിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(28/12.12.2023) നല്കിയ മറുപടിയിൽ മുഴുവൻ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ക്വാറി, ക്രഷർ ഇവയിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് 2023-24 മുതൽ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് (തൊഴിൽ നികുതി ചട്ടങ്ങൾ) പ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ

1.വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/ത.സ്വ.ഭ.വ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന് കാണുകയുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം ച.മീ |
|---|---|---|---|
| 1 | 1/61 A | ദേവസ്യ | 84 |
| 2 | 1/122 | ഉസ്മാൻ | 173 |
| 3 | 4/125 A | ലീലാമ്മ | 112 |
| 4 | 16/519 A | ജോസഫ് | 118 |
| 5 | 6/121 A | അഗസ്ററ്യൻ | 81 |
| 6 | 6/262 A | ആഗസ്തി | 84 |
| 7 | 7/305 | കുമാരൻ | 85 |
| 8 | 7/514 | ജോസഫ് | 70 |
| 9 | 7/518 | വർഗീസ് | 64 |
| 10 | 8/193 | മേരിക്കുട്ടി | 70 |
| 11 | 8/198 | തോമസ് | 82 |
| 12 | 8/248 | കുഞ്ഞുമോൻ | 70 |
| 13 | 8/257 | ആഗസ്റ്റ്യൻ | 70 |
| 14 | 8/296 | പുലിമല അനീഷ് | 70 |
| 15 | 8/327 | പോൾ | 94 |
| 16 | 8/486 | തോമസ് | 64 |
| 17 | 9/110 A | മാത്യു | 87.7 |
| 18 | 9/129 A | മാത്യു | 80.5 |
| 19 | 10/40 | ഡൊമനിക്ക് | 70 |
| 20 | 10/602 | ജോർജ്ജ് | 98 |
| 21 | 10/697 | വർക്കി | 80 |
| 22 | 11/175 | വാരിക്കാട്ട് സാമുവൽ | 72 |
| 23 | 11/336 | തോമസ് | 90 |
| 24 | 11/369 | ഷാജി | 66 |
| 25 | 12/10 | ജോസഫ് | 112 |
| 26 | 16/444 A | കുഞ്ഞിരാമൻ | 88 |

2. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപറയുന്ന കെട്ടിടത്തെ നികുതി/ഉപനികുതി ഒഴിവാക്കിയ കെട്ടിടമായി

രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും ഇളവ് അനുവദിച്ചതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം ച.മീ |
|---|---|---|---|
| 1 | 6/388 | കുര്യാച്ചൻ | 75 |

കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനും അനർഹമായി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/11.12.2023) മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ് പരിശോധന നടത്തി അനർഹമായി വസ്തുനികുതി ഇളവ് നല്കിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-14 പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുയുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത താഴെപറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | മറിയ ഹോമിയോ ക്ലിനിക് |
| 2 | കെയർ മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക് |
| 3 | എൻ എസ് മെഡിക്കൽ ലാബ് & ഇ സി ജി സെന്റർ |
| 4 | ദന്തൽ കെയർ സ്പെഷാലിറ്റി ദന്തൽ ക്ലിനിക് |
| 5 | ഐഡിയൽ മെഡിക്കൽ ലാബ് |
| 6 | പാറയിൽ ഡെന്തൽ ക്ലിനിക് |
| 7 | ഒലീവ് ആയുർ ഫാം & യോഗ ട്രീറ്റ്മെന്റ് സെന്റർ |

മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനും ഇല്ലെങ്കിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (50/15.12.2023) മറുപടി നല്കിയിട്ടില്ല. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മേൽ മുകളിൽ പരാമർശിച്ച ചട്ടങ്ങളിലെ ചട്ടം 8 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം നടുവിൽ ഗ്രാമ പഞ്ചായത്തിൽ ഒരു അനധികൃത കെട്ടിടമാണുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ എണ്ണം 23 ആണ്. തദ്ദേശ സ്വയംഭരണ വകപ്പിന്റെ 19.05.2014 തീയതിയിലെ 29342/ആർ.എ1/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല. പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം. (എം,എസ്) 170/2016 ത.സ്വ.ഭ.വ തീയതി 16.11.2016 ലെ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല.

നിലവിൽ പഞ്ചായത്ത് പരിധിയിലുള്ള അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ചും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (49/15.12.2023) മറുപടി നല്കിയിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും കെട്ടിടങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് സഞ്ചയയിൽ ആവശ്യമായ എൻട്രി വരുത്തി കെട്ടിട ഉടമകളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235 എ എ പ്രകാരമുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 കൂട്ടിചേർക്കൽ വരുത്താൻ അനുമതി നൽകിയതും പെർമിറ്റ് കാലാവധി പൂർത്തിയായതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

2018-19, 2019-20 വർഷം കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുള്ളതും പെർമിറ്റ് കാലാവധി അവസാനിച്ചതുമായ ഏതാനും കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ നിന്നും കെട്ടിടങ്ങൾക്ക് പെർമിറ്റ് പുതുക്കി നൽകുകയോ, കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിണ്ണയം നടത്തുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ /തീയതി കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 18/309 | രവീന്ദ്രൻ | A3-BA(107346)18 01.06.2018, 30.05.2021 വരെ(3 വർഷം) | Existing- 92.37 Proposed-64.44 | 95.15 |
| 2 | 11/188 | ഷൺമുഖദാസ് | A3-BA(110977)19, 22.05.2019, 21.05.2022 വരെ(3 വർഷം) | Existing- 72.64 Proposed-33.45 | 54 |

കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച് കാലാവധി അവസാനിച്ചിട്ടും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാത്ത കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും കൂട്ടിച്ചേർക്കലുകൾക്കായി അനുമതി നൽകിയ കെട്ടിടങ്ങളിൽ 2022-23 വർഷം കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച കെട്ടിടങ്ങളുടെ വിവരം, മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയിച്ച് നൽകിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(51/16.12.2023) മറുപടിയായി വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധന സമയത്ത് അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 തനത് വരുമാനം - അവലോകനം

വസ്തുനികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ, രജിസ്ട്രേഷൻ ഫീസുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. റവന്യു ചെലവുകൾ പ്രതിവർഷം കൂടി വരുന്ന സാഹചര്യത്തിൽ തനത് വരുമാന സമാഹരണം കാര്യക്ഷമമാക്കേണ്ടതുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

2022-23 വർഷത്തെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും യോഗങ്ങളിൽ വസ്തുനികുതി കളക്ഷൻ പുരോഗതി സംബന്ധിച്ച് ചർച്ച ചെയ്യുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു തനതു വരുമാന മേഖലകൾ സംബന്ധിച്ച ചർച്ചകൾ നടന്നിട്ടില്ല. നിശ്ചിത ഇടവേളകളിൽ വസ്തുനികുതി ഒഴികെയുള്ള വിവിധയിനം

നികുതി നികുതിയേതര വരവുകളുടെ ഡിമാന്റ്/പിരിവ് പുരോഗതി എന്നിവ സംബന്ധിച്ച അവലോകനം നടത്തിയിട്ടില്ല.

വസ്തുനികുതി പരിഷ്കരണം

സ.ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ തി:22.3.23, എസ്.ആർ.ഒ.നം.479/2023 തി:5.4.23 എന്നിവ പ്രകാരം വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 വർഷം പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)25/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 24.06.2023 ൽ ചേർന്ന 42/2023 നമ്പർ തീരുമാന പ്രകാരം മേൽ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്തിൽ ഈടാക്കേണ്ടുന്ന നികുതി നിരക്കുകൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും ഭരണസമിതിയോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.06.2023 തീയതിയിലെ 6(1) നമ്പർ തീരുമാനപ്രകാരം വസ്തുനികുതി നിരക്ക് അംഗീകരിക്കുകയും SC3-2260/2023 തീയതി 30.11.2023 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം നടത്തിയിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നികുതി /നികുതിയേതര വരവിനങ്ങളുമായി ബന്ധപ്പെട്ട അവലോകനം

1. വസ്തുനികുതി

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമാർഗ്ഗമാണ് വസ്തുനികുതി ഇനത്തിലുള്ള വരവ്. സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) അനധികൃത നിർമ്മാണം

വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി 473 കെട്ടിടങ്ങളുടെ 9ബി ഫോമുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലുള്ള അനധികൃത നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

B) അനർഹമായി കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി- വസ്തുനികുതി ഇനത്തിൽ വരവ് നഷ്ടം

അനർഹമായി കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയത് കാരണം വസ്തുനികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. (ഖണ്ഡിക 1-13 കാണുക) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2 റിസോർട്ടുകളാണ് ഉള്ളത് . എന്നാൽ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട, കണ്ണൂർ ജില്ലയിലെ പ്രധാന വിനോദ സഞ്ചാര മേഖലയായ പാലക്കയംതട്ടിന്റെ പരിസരപ്രദേശങ്ങളിൽ നിരവധി റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ഫീൽഡ് പരിശോധന നടത്തി ഇവ ഈ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നവയാണോയെന്ന് പരിശോധിക്കാവുന്നതാണ്. (റിസോർട്ട് ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 80 രൂപയാണ്. ഈ കെട്ടിടങ്ങളെ മറ്റ് പാർപ്പിട ഗണത്തിലാണ് ഉൾപ്പെടുത്തിയതെങ്കിൽ (പാർപ്പിടം- ചതുരശ്രമീറ്ററിന് 3രൂപ, ലോഡ്ജ് -ചതുരശ്രമീറ്ററിന് 20 രൂപ) വസ്തുനികുതി ഇനത്തിൽ കുറവ് സംഭവിക്കാൻ ഇടയുണ്ട്).

2. എഫ് ടി ഇ & ഒ എസ് ലൈസൻസ്

എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ചട്ടങ്ങളുടെ 31.10.2017 ലെ ഭേദഗതി ഉത്തരവുകൾ പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളാക്കി തിരിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. മിക്ക ലൈസൻസ് അപേക്ഷകളില്ും മൂലധനനിക്ഷേപം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ ഈടാക്കുന്ന ഫീസ് കൃത്യമാണോ എന്ന് വ്യക്തമല്ല. കൂടാതെ ഈടാക്കിയ ഫീസുകൾ കുറവുമാണ്.(ഖണ്ഡിക 1.11 കാണുക).സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച കൃത്യത ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് ഫീസ് ഇനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 3263 ആണ്. എന്നാൽ 2022-23 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 718 മാത്രമാണ്. ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലെ ഈ വ്യത്യാസം സംബന്ധിച്ച് പരിശോധന നടത്തേണ്ടതും പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ച് വരുന്നുണ്ട്. എന്നാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.(ഖണ്ഡിക 1-12 കാണുക) . തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

എല്ലാ മേഖലയിലുമുള്ള പഞ്ചായത്തിന്റെ തനത് വരുമാനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം.84/22/തസ്വഭവ തീയതി 19.04.22 ഖണ്ഡിക 5-1ൽ വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂഘടനയിലുള്ള പ്രത്യേകത പ്രയോജനപ്പെടുത്തി ടൂറിസം മേഖലയിലുള്ള വരുമാനസാധ്യത ഉപയോഗപ്പെടുത്താവുന്നതാണ്. ആയത് പ്രാവർത്തികമാക്കുന്നതിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 സർക്കാർ നിർദ്ദേശം പാലിക്കാതെ ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചു

വൗച്ചർ നം. 22200921/19.12.2022 ₹15,780

സർക്കാർ വകുപ്പുതല ഡ്രൈവർമാർ ദൈനം ദിന ജോലിയുടെ ഭാഗമായി വാഹനമോടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ല. എന്നാൽ സർക്കാർ വാഹനം ദീർഘദൂരം ഓടിക്കേണ്ടി വരുമ്പോൾ ഹാൾട്ടിന് യാത്രാ ബത്ത (ഇൻസിഡന്റൽ എക്സ്പെൻസ്) ദിനബത്ത എന്നിവ കെഎസ് ആർ ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണ് (27.10.2022 ലെ 2204261/വ്യയം/C-1/102/2022/ധന കത്തു പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിന് നല്കിയ സ്പഷ്ടീകരണം) . എന്നാൽ സ്ഥാപനത്തിലെ ഡ്രൈവർ ആയ ശ്രീ ബിനിൽ ടോം ജോസഫ് സെപ്റ്റംബർ/21 മുതൽ മെയ്/22 വരെയുള്ള മാസങ്ങളിൽ നടത്തിയ ഹാൾട്ട് ഇല്ലാത്ത യാത്രകൾക്ക് ഭരണസമിതി തീരുമാനം നം. 8/1/30.10.2022, വൗച്ചർ നം. 22200921/19.12.2022 എന്നിവ പ്രകാരം 15780 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ കാരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 45/15.12.2023 നിലവിൽ ഓഫീസ് ഹെഡ് ക്വാർട്ടേഴ്സിന് പുറത്ത് 8 കിലോമീറ്ററിൽ കൂടുതൽ ദൂരം യാത്ര ചെയ്യേണ്ടി വരുന്ന ഔദ്യോഗിക യാത്രകൾക്ക് ജീവനക്കാർക്ക് ദിനബത്തയുടെ പകുതി അനുവദിച്ച് വരുന്നുണ്ടെന്നും ആയത് പ്രകാരമാണ് ഓഫീസിലെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ശ്രീ ബിനിൽ ടോം ജോസഫിന് യാത്രാബത്ത അനുവദിച്ചതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. മറുപടി തൃപ്തികരമല്ല. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 140029 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 13/2022-23, ഐ കെഎം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹140029 (വികസന ഫണ്ട്) |
| ചെലവ് | ₹140029 |
| ബിൽ നം.& തീയതി | 90/15.11.2022 |

ജന സേവനങ്ങൾ കാര്യക്ഷമമായി വേഗത്തിൽ നൽകുന്നതിനും സാങ്കേതിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനും 8.3.2016 ലെ സ.ഉ.നം. 1228/2016/തസ്വഭവ ഉത്തരവിൽ നിർദ്ദേശിച്ചു പ്രകാരം ഐ കെ എം നൽകുന്ന സേവനത്തിന് പ്ലാൻ ഫണ്ടിന്റെ 0.25% തുക കൈമാറുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ₹140029 ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/8.12.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ₹140029 യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല - ₹349690 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 24/23 (SO) , വയോജനങ്ങൾക്ക് കട്ടിൽ |

| | |
|---|---|
| അടങ്കൽ | ₹870000 (വികസന ഫണ്ട്) |
| ചെലവ് | ₹867000 |
| ബിൽ നം., തീയതി | 31/27.7.2022 |

200 വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയത്. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി 3 ഇ-ടെണ്ടറുകളാണ് ലഭിച്ചത്. ടെണ്ടർ സമർപ്പിച്ചതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയവരിൽ നിന്നും നെഗോസിയേഷൻ നടത്തി ജെ കെ ഫർണ്ണിച്ചർ, തേർത്തല്ലി എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി (@2890). ( ജെ കെ ഫർണ്ണിച്ചർ ടെണ്ടറിൽ ക്വാട്ട് ചെയ്തത് ₹2990 ആണ്).
പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പ്രൊജക്ട് നടപ്പിലാക്കി.

200 വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയത്. പ്രൊക്യൂയർമെന്റ് കമ്മിറ്റി ജെ കെ ഫർണ്ണിച്ചർ എന്ന സ്ഥാപനം ഹാജരാക്കിയ കട്ടിൽ പരിശോധിച്ച് ഗുണമേന്മ ഉള്ളതാണെന്ന് വിലയിരുത്തുകയും ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി 300 കട്ടിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു. 30.3.2022 ലെ 3-ാം നമ്പർ തീരുമാന പ്രകാരം, അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ തികയാതെ ബാക്കി വരുന്ന ഗുണഭോക്താക്കളെ എല്ലാ വാർഡിൽ നിന്നും തുല്യമായി കണ്ടെത്തുന്നതിന് തീരുമാനിച്ചു.

2. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 19 വാർഡുകളിലായി 222 ഗുണഭോക്താക്കളാണുള്ളത്. അധിക വന്ന ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3. ജെ കെ ഫർണ്ണിച്ചർ, തേർത്തല്ലി എന്ന സ്ഥാപനം 300 കട്ടിലുകൾ സപ്ലൈ ചെയ്യുകയും ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. വിതരണ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 34/13.12.2023) നൽകിയതിനെ തുടർന്ന് ഗുണഭോക്താക്കളുടെ അപേക്ഷകളും 179 കൈപ്പറ്റ് രശീതികളും ഹാജരാക്കി. 121 ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഇത്രയും കട്ടിലുകളുടെ വില നല്കുന്നതിനായി ചെലവഴിച്ച ₹349690 (121X₹2890) യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.
4. വിതരണ രജിസ്റ്റർ, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ ക്രമമായി സൂക്ഷിച്ചിട്ടില്ല. ആനുകൂല്യ വിതരണ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചാൽ മാത്രമേ അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ നൽകാനും ആനുകൂല്യ വിതരണത്തിലെ ഇരട്ടിപ്പ് ഒഴിവാക്കുവാനും സാധിക്കുകയുള്ളൂ.ഓരോ വർഷവും വാങ്ങി വിതരണം ചെയ്യുന്ന സാധനങ്ങൾ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ ഒരേ ഫയലിൽ അല്ലെങ്കിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.
മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
121 ഗുണഭോക്താക്കളുടെ വാർഡ് തലത്തിലുള്ള അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 21 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. വെള്ളക്കരം ഇനത്തിൽ 2022-23 വർഷം ₹152246 (ഏപ്രിൽ മുതൽ ജനവരി വരെയുള്ള മാസങ്ങളിൽ ₹10129 പ്രകാരവും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ₹25478 പ്രകാരവും) അടവാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ ജലജീവൻ പദ്ധതി പൂർത്തീകരിച്ചതിന്റേയും കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി 21 ടാപ്പുകളുടെ ആവശ്യകതയും പ്രവർത്തനക്ഷമതയും പരിശോധിച്ച് ഉറപ്പു വരുത്തിയതിന്റേയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 46/15.12.2023 ന് ജലജീവൻ പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്നും ഭരണ സമിതി അംഗങ്ങളോട് അന്വേഷിച്ചത് പ്രകാരം ടാപ്പുകൾ പ്രവർത്തനക്ഷമമാണെന്ന് അറിയാൻ കഴിഞ്ഞെന്നും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ജൽ ജീവൻ മിഷൻ മുഖേനയുള്ള പദ്ധതി പൂർത്തിയാകുന്ന മുറക്ക് പൊതുടാപ്പുകളുടെ ആവശ്യകത പുനപ്പരിശോധിക്കേണ്ടതാണ്.

സംയുക്ത പരിശോധന നടത്തി, പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതും പരിശോധനാ റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

## 1-22 മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മുഴുവൻ മരുന്നുകളും ലഭ്യമായില്ല- ₹322152യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി

1.ഗൃഹകേന്ദ്രീകൃത സാന്ത്വനപരിചരണം 2022-23

| പ്രോജക്റ്റ് നമ്പർ,പേര് | 116/23, ഗൃഹകേന്ദ്രീകൃത സാന്ത്വനപരിചരണം 2022-23 |
|---|---|
| അടങ്കൽ ₹1700000 | ₹500000 വികസനഫണ്ട് പൊതുവിഭാഗം<br>₹200000 തനത് ഫണ്ട്<br>₹500000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹500000 ജില്ലാപഞ്ചായത്ത് വിഹിതം |
| ചെലവ് ₹1499222 | ₹499950 വികസനഫണ്ട് പൊതുവിഭാഗം<br>₹199272 തനത് ഫണ്ട്<br>₹300000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹500000 ജില്ലാപഞ്ചായത്ത് വിഹിതം |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്ന് ₹131802 (ബിൽ നം12/ തീയതി 06.02.2023) യും ജില്ലാപഞ്ചായത്ത് വിഹിതമായ ₹500000 യും(ബിൽ റഫറൻസ് നമ്പർ 2219095200520l107408/28.01.23) മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോഫോർമ ഇൻവോയിസ് നം/ തീയതി,തുക | ഇൻവോയ്സ് നമ്പർ/തീയതി | തുക | ബാലൻസ് |
|---|---|---|---|
| PRF 4103/01.02.2023, ₹131802 | 621/10.04.2023 | 42900 | |
| | 2224/6.5.2023 | 502 | |
| | 2795/10.05.2023 | 64937 | |
| | 6299/26.05.2023 | 421 | |
| | 9867/19.06.2023 | 603 | |
| | 9874/19.06.2023 | 1537 | |
| | 13254/18.07.2023 | 16296 | |
| | ആകെ | 127196 | 4606 |
| PRF 3818/21.01.2023, ₹500000 | 6932/31.05.2023 | 77748 | |
| | 6941/31.05.2023 | 45419 | |
| | 8506/10.06.2023 | 31230 | |
| | 8579/10.06.2023 | 16296 | |
| | 8862/13.06.2023 | 13435 | |
| | 9311/15.06.2023 | 85 | |
| | 9488/16.06.2023 | 14943 | |
| | 9674/17.06.2023 | 8736 | |
| | 11957/7.7.2023 | 8939 | |
| | 12259/11.07.2023 | 3360 | |
| | 13138/18.07.2023 | 3494 | |
| | 14751/29.07.2023 | 2509 | |
| | 16083/16.08.2023 | 448 | |
| | 16526/19.08.2023 | 3627 | |
| | 16912/22.08.2023 | 6641 | |
| | 17752/18.09.2023 | 1568 | |
| | 9316/15.06.2023 | 77522 | |
| | 20222/02.11.2023 | 746 | |

| | | | |
|---|---|---|---|
| | 20357/4.11.2023 | 1021 | |
| | 21055/18.11.23 | 2554 | |
| | ആകെ | 320321 | 179679 |

ആകെ ₹184285(179679+4606) മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്.

2.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 19/23,പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ 2022-23 |
| അടങ്കൽ | ₹600000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് ₹599841 | ₹97720,15/28.06.2022<br>₹61101, 43/24.08.2022<br>₹61200, 81/04.11.2022<br>₹379820,152/24.01.2023 |

മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി ₹180000 (ബിൽ നമ്പർ 152/24.01.2023 - എ സി ആർ പ്രകാരം) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോഫോർമ ഇൻവോയിസ് നം/ തീയതി,തുക | ഇൻവോയ്സ് നമ്പർ/തീയതി | തുക | ബാലൻസ് |
|---|---|---|---|
| PRF 3581/13.01.2023, ₹180000 | 27276/20.03.2023 | 73159 | |
| | 14725/29.07.2023 | 35836 | |
| | 16182/17.08.2023 | 645 | |
| | ആകെ | 109640 | 70360 |

₹70360 യുടെ മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്.

3.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 109/23,ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ 2022-23 |
| അടങ്കൽ | ₹300000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹300000, (ബിൽ നമ്പർ 155/28.01.2023- എ സി ആർ പ്രകാരം) |

പുലിക്കുരുമ്പ ആയുഷ് ഹോമിയോ ഡിസ്പെൻസറി, നടുവിൽ ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ 150000 രൂപയുടെ മരുന്നുകൾ വീതം വാങ്ങുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് ₹300000 നൽകിയിട്ടുണ്ട്. എന്നാൽ പുലിക്കുരുമ്പ ആയുഷ് ഹോമിയോ ഡിസ്പെൻസറിക്ക് 82493 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്(ഇൻവോയിസ് നം. LF 894/08.08.2023) . 67507 രൂപയുടെ മരുന്നുകൾ നാളിതു വരെ വിതരണം ചെയ്തിട്ടില്ല.

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(14/07.12.2023) ന് മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ലെന്നും ബാക്കി മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായ ₹322152 (184285+70360+67507)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ടാക്സ് ഇൻവോയിസ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 പി എച്ച് സിയിൽ ഡോക്ടർ നിയമനം - ഡോക്ടറുടെ വേതനത്തിൽ നിന്നും നിർദ്ദിഷ്ട നിരക്കിൽ ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവു ചെയ്തിട്ടില്ല

ആദായ നികുതി നിയമത്തിലെ സെക്ഷൻ 194സി പ്രകാരം 30000 രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായ നികുതി നിരക്ക് വ്യക്തികൾക്ക് 1% വും മറ്റുള്ളവർക്ക് 2% വുമാണ്. എന്നാൽ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതിയിൽ ഡോക്ടർമാരിൽ നിന്നും നിർദ്ദിഷ്ട നിരക്കിൽ ആദായ നികുതി ടി ഡി എസ് ചെയ്തിട്ടില്ല.

| പദ്ധതിയുടെ പേര് | പദ്ധതി നം. | ഡോക്ടറുടെ പേര് | അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|---|
| പി എച്ച് സിയിൽ ഡോക്ടർ നിയമനം 2022-23 | 55/23 | അശ്വിൻ എം | ₹300666 | ₹3006 |
| | | കെ സി മോഹനൻ | ₹312258 | ₹3123 |

പ്രസ്തുത ഡോക്ടർമാരുടെ പാൻ കാർഡ്, ഇൻകം ടാക്സ് ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടങ്ങിയവ പരിശോധിച്ച് മുകളിൽ സൂചിപ്പിച്ച വരുമാനം ആദായനികുതി കണക്കാക്കിയതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതും ആയതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/07.12.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ് പ്രവർത്തനങ്ങൾ- ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- ₹14950 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി |
| പ്രോജക്ട് നമ്പർ | 216/23 |
| പ്രോജക്ടിന്റെ പേര് | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ് പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹160000 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹117942 |
| തുക,ബിൽ നം/തീയതി | ₹28800,174/10.02.2023<br>₹78780, 223/08.03.2023 |

| | |
|---|---|
| | ₹10362, 303/25.03.2023 |

സബ്സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രോജക്ടാണിത്. പദ്ധതിയുടെ ഭാഗമായി New Kottayil Agencies, Chemberi എന്ന സ്ഥാപനത്തിൽ നിന്ന് 5 ഇൻഡക്ഷൻ കുക്കർ വാങ്ങിയിട്ടുണ്ട് (ആകെ വില 14950 രൂപ-ബിൽ നമ്പർ 223/08.03.2023 ൽ ഉൾപ്പെട്ട തുക). ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, സ്റ്റോക്ക് വിതരണരേഖകൾ എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നല്കിയതിനെ തുടർന്ന് (16/07.12.2023) സ്റ്റോക്ക് വിതരണരേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
2010 ലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാന്വൽ, ജി ഒ(പി) നമ്പർ 259/2010/തസ്വഭവ, തീയതി 08.11.2010 ഖണ്ഡിക 3.2 പ്രകാരം, 5000 രൂപയ്ക്ക് മുകളിൽ 25000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ₹14950 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ | 209/23 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ ₹1150000 | ₹575000 വികസനഫണ്ട് പൊതുവിഭാഗം<br>₹575000 മറ്റുള്ളവ |
| ചെലവ് തുക ₹1150000 | ₹575000 , 145/12.01.2023<br>₹575000 ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് |

കന്നുകുട്ടികൾ ഉള്ള 46 ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്ട് . ഇതിനായി ₹5,75,000 കണ്ണൂർ ജില്ലാ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.
കാലിത്തീറ്റ വിതരണം ചെയ്യുന്നത് പുലിക്കുരുമ്പ (24 ഗുണഭോക്താക്കൾക്ക്), വെള്ളാട് (22 ഗുണഭോക്താക്കൾക്ക്) എന്നീ ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ മുഖേനയാണ്. സഹകരണ സംഘങ്ങൾ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കൾ കൃത്യമായി ആനുകൂല്യം കൈപ്പറ്റുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതും വിനിയോഗിച്ച തുക, എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പിയിൽ ഒടുക്കിയ തുകയുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-26 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ- രേഖകൾ ലഭ്യമാക്കിയില്ല- ₹16140 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ , പേര് | 187/23,വയോജനങ്ങൾക്ക് കട്ടിൽ നൽകൽ |
| അടങ്കൽ | ₹1365900 വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹1365900 |
| തുക,ബിൽ നം/ തീയതി | ₹403500,322/28.03.2023<br>₹962400, 323/28.03.2023 |

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ നടപടിക്രമത്തിലൂടെ ജെ കെ ഫർണ്ണിച്ചർ, തേർത്തല്ലി എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് 2690 രൂപ നിരക്കിൽ 508 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 7.1.14(2) പ്രകാരം

നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധനരോഗികൾക്കും കട്ടിൽ അനുവദിക്കാവുന്നതാണ് . കട്ടിൽ ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 60 വയസ്സ് കഴിഞ്ഞിട്ടില്ല.

| വാർഡ് നം | ഗുണഭോക്താവിന്റെ പേര് | വയസ്സ് | |
|---|---|---|---|
| | | അപേക്ഷ പ്രകാരം | ആധാർ / വോട്ടേഴ്സ് ഐഡി പ്രകാരം |
| 1 | കാർത്ത്യായനി | 60 | 54 |
| 2 | തങ്കമണി | 64 | 59 |
| 2 | ലീല പ്രാൺ | 64 | 58 |
| 4 | ബാലൻ ചപ്പിലി | 60 | 57 |
| 14 | മേരി തോമസ് | 61 | 59 |
| 19 | ജോർജ്ജ് | 60 | 59 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(35/14.12.2023) മറുപടിയായി മേൽ ഗുണഭോക്താക്കൾ ശയ്യാവലംബരായ നിർധന രോഗികളാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 6 ഗുണഭോക്താക്കൾക്ക് നൽകിയ കട്ടിലുകളുടെ വിലയായ ₹16140 (2690*6) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രായം തെളിയിക്കുന്ന യഥാർത്ഥ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ഒരേ വിദ്യാർത്ഥിക്ക് രണ്ട് വർഷങ്ങളിൽ മേശയും കസേരയും അനുവദിച്ചു- ₹4750 തിരിച്ചടക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. & പേര് | 196/23, എസ് സി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും |
| അടങ്കൽ | ₹35000 (SCP) |
| ചെലവ് | ₹33250 |
| ബിൽ നം., തീയതി | 258/16.3.2023 |

സർക്കാർ / എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും കൈയുള്ള ഫൈബർ കസേരയും നൽകുകയാണ് പദ്ധതി ലക്ഷ്യം. 7മേശയും (@₹4000) 7കസേരയും (@₹750) പാറയിൽ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി 7 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

28.5.2022 ലെ സ.ഉ (കൈ) 115/2022/തസ്വഭവ ഖണ്ഡിക 7. 2.6 പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നല്കാവൂ. എന്നാൽ ടി വർഷം മേശയും കസേരയും അനുവദിച്ച ദക്ഷൻ കെ വി, S/o വിനീത് കുമാർ കെ വി, കോണിക്കൽ, നടുവിൽ എന്ന വിദ്യാർത്ഥിക്ക് 2020-21 വർഷത്തിലും ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ട് (സ്റ്റോക്ക് രജിസ്റ്റർ പേജ് 40). ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/6.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഒരേ ആനുകൂല്യം രണ്ട് തവണ നൽകിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ ഈ വർഷം അനുവദിച്ച മേശയുടേയും കസേരയുടേയും വിലയായ ₹4750 ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ച് അടവാക്കി ഓഡിറ്റിനെ അറിക്കേണ്ടതാണ്.

## 1-28 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചു.

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. യു പി സ്കൂൾ, വെള്ളാട് |
| പ്രോജക്ട് നം. & പേര് | 253/23, 2021-22 പ്രോജക്ട് നം. 195- എസ് സി |

| | |
|---|---|
| | കുട്ടികൾക്ക് ലാപ്പ് ടോപ്പ് ബാക്കി തുക നൽകൽ |
| അടങ്കൽ | ₹2396 – തനത് ഫണ്ട് |
| ചെലവ് | ₹2396 |
| ബിൽ നം., തീയതി | 22201285/24.3.2023 |

2021-22 വർഷം വാങ്ങിയ 4 ലാപ്പ്ടോപ്പുകളുടെ വില ₹175920 ആയിരുന്നു.അതിൽ പ്രസ്തുത വർഷം ₹173528 ആണ് നല്കിയത്. ബാക്കി തുക നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്.

4 ലാപ്പ്ടോപ്പുകളും 21.10.2022 നാണ് വിതരണം ചെയ്തിട്ടുള്ളത്. നന്ദന കൃഷ്ണൻ, മീന മനോജ്, ആതിര രാജേന്ദ്രൻ, ബാലമോൾ എന്നീ വിദ്യാർത്ഥികളാണ് ലാപ്പ് ടോപ്പ് കൈപ്പറ്റിയിട്ടുള്ളത്. എന്നാൽ ഈ നാല് പേരുകാരും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇക്കാര്യം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/8.12.2023 ന് ലാപ്പ്ടോപ്പ് കൈപ്പറ്റിയതിന്റെ രശീതിയാണ് ഹാജരാക്കിയത്.2021-22 സാമ്പത്തിക വർഷം വാങ്ങിയ ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യാൻ ഇത്രയും കാലതാമസം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

നാല് ലാപ്പ്ടോപ്പുകൾ സ്കൂൾ സ്റ്റോക്കിൽ ഉണ്ടെന്ന ഹെഡ് മാസ്റ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുകയാണ് ഉണ്ടായത്. ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത ശേഷം ആവശ്യമായ എണ്ണം ലാപ്പ്ടോപ്പുകൾ മാത്രമാണ് വാങ്ങേണ്ടതെന്നിരിക്കെ ഉപകരണങ്ങൾ വാങ്ങിയ ശേഷം തുടർ നടപടികൾ സ്വീകരിച്ചത് ക്രമപ്രകാരമല്ല.സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല – തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്

നടുവിൽ ഗ്രാമപഞ്ചായത്തിലെ 17 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ള എല്ലാവരെയും പത്താംതരം വിദ്യാഭ്യാസമുള്ളവരാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പത്താംതരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ് എന്നീ ഇനങ്ങളിലായി 31 പഠിതാക്കളുടെ ഫീസിനത്തിൽ ഒരു പഠിതാവിന് 1850 രൂപ എന്ന നിരക്കിൽ 57350 രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (A/c No – 57026996123).

എല്ലാ ഗുണഭോക്താക്കളും പൊതു വിഭാഗത്തിൽ പെട്ടവരായിരുന്നോയെന്നും ഫീസിളവുള്ള വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾ ഇല്ല എന്ന് ഉറപ്പ് വരുത്തിയിരുന്നോയെന്നും പഠിതാക്കൾക്ക് ക്ലാസുകൾ ലഭ്യമാക്കിയതിന്റെയും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/6.12.2023 ന് പഠിതാക്കൾ പൊതുവിഭാഗത്തിൽപ്പെട്ടവരാണെന്ന സാക്ഷ്യപത്രം ഹാജരാക്കുകയും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതുന്ന മുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-30 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - രേഖകൾ ഹാജരാക്കിയിട്ടില്ല. -₹600000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവഹണഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വെള്ളാട് സർക്കിൾ | |
| പ്രോജക്ട് നം. & പേര് | 191/23, വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ | |
| അടങ്കൽ | ₹5300000 (വികസന ഫണ്ട്) | |
| ചെലവ് | ₹5300000 | |
| ബിൽ നം., തീയതി, തുക | 103/3.12.2022 | ₹725000 |
| | 106/9.12.2022 | ₹725000 |
| | 112/14.12.2022 | ₹525000 |
| | 136/6.1.2023 | ₹50000 |
| | 144/11.1.2023 | ₹700000 |
| | 149/23.1.2023 | ₹225000 |
| | 150/23.1.2023 | ₹600000 |
| | 163/3.2.2023 | ₹725000 |

| | | |
|---|---|---|
| | 202/25.2.2023 | ₹275000 |
| | 213/3.3.2023 | ₹225000 |
| | 261/17.3.2023 | ₹125000 |
| | 288/21.3.2023 | ₹125000 |
| | 324/28.3.2023 | ₹125000 |
| | 325/28.3.2023 | ₹75000 |
| | 326/28.3.2023 | ₹25000 |
| | 330/28.3.2023 | ₹25000 |
| | 324/28.3.2023 | ₹25000 |

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനാവശ്യമായ ധനസഹായം നല്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഗ്രാമ സഭ വഴി കണ്ടെത്തിയ 106 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം നൽകുന്നു.

പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I. കെട്ടിടത്തിന്റെ കാലപഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കാതെ ആനുകൂല്യം കൈപ്പറ്റിയവർ

1. പ്രസാദ് വി എസ്, വടയെഴുത്ത് ഹൌസ്, ഉത്തൂർ

2.കുര്യാക്കോസ്, അറയ്ക്കൽ ഹൌസ്, നടുവിൽ

3. എൽസി ജോസഫ്, മുരിൻവേലിൽ ഹൌസ്, താവുകുന്ന്

4. മേരി ജോസഫ്, വടക്കാഞ്ചേരി ഹൌസ്, ഉത്തൂർ

5. ശാരദ, കുരൻകുന്നിൽ, പോത്തുകുണ്ട്, നടുവിൽ

II. മതിയായ രേഖകൾ സമർപ്പിക്കാത്തവർ

1.അല്ലി, തോട്ടുംകരയിൽ, അരങ്ങ് പിഒ, നടുവിൽ

2. മുഹമ്മദ് ബത്താലിൽ, കൊഴക്കൽ,വെള്ളാട് എന്നീ ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം ഉടമസ്ഥാവകാശ സാക്ഷ്യപത്രം, കാലപഴക്കം കാണിക്കുന്ന സാക്ഷ്യപത്രം, വരുമാന സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

I11. വരുമാന സാക്ഷ്യപത്രം ഹാജരാക്കാത്തവർ

മാത്യു ഇ ജെ എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പിൽ ടിയാളുടെ മകൾ അദ്ധ്യാപികയാണ്. ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി പരിശോധിക്കുന്നതിന് വരുമാന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

IV. (I) ഭവന പുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ച ശശിധരൻ പി എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ടിലും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിലും ശശി പി എന്നും ആധാർ, റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് മുദ്രപത്രം എന്നിവയിലെല്ലാം ശശിധരൻ പി എന്നും കാണുന്നു. ഈ രണ്ട് പേരിലും അറിയപ്പെടുന്നത് ഒരാളാണെന്ന സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല.

(Ii)രവീന്ദ്രൻ കെ എസ്, കിഴക്കേടത്ത് കുന്നേൽ എന്ന വ്യക്തി സമർപ്പിച്ച ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിൽ രവി എന്നും മറ്റ് രേഖകളിലെല്ലാം രവീന്ദ്രൻ എന്നും ആണ്. ഈ രണ്ട് പേരിലും അറിയപ്പെടുന്നത് ഒരാളാണെന്ന സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല.

V. കെട്ടിടത്തിന്റെ ഉടമസ്ഥനുമായുള്ള ബന്ധം, സമ്മതപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

(I) ബിജു സെബാസ്റ്റ്യൻ, വടക്കേടത്ത് എന്ന ഗുണഭോക്താവ് ഹാജരാക്കിയ കെട്ടിടത്തിന്റെ ഉടമ സാക്ഷ്യപത്രം പ്രകാരം ത്രേസ്യാമ്മ ആണ്.

(Ii) ബിജു അഗസ്റ്റിന്, പാറക്കുടിയിൽ ഹൌസ് എന്ന ഗുണഭോക്താവ് ഹാജരാക്കിയ ഉടമസ്ഥാവകാശ സാക്ഷ്യപത്രം പ്രകാരം കെട്ടിട ഉടമ ജോസഫ് എന്ന വ്യക്തിയാണ്.

മേൽ അപാകങ്ങൾക്ക് മറുപടി / രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/13.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പരാമർശിച്ച 12 ഗുണഭോക്താക്കൾക്ക് അനുവദിച്ച ₹600000 (₹50000X12) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-

198592രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 165/23, ഭിന്നശേഷി കുട്ടികൾക്ക് ഉപകരണം |
| അടങ്കൽ | ₹2,00,000 - വികസന ഫണ്ട് , ജനറൽ |
| ചെലവ് | ₹198592 |
| ബിൽ നമ്പർ തീയതി | 1098538/27.01.2023 |

വികലാംഗ കോർപ്പറേഷനിൽ നിന്ന് ഉപകരണങ്ങൾ വാങ്ങി ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.മെഡിക്കൽ ക്യാമ്പ് നടത്തിയതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.ഡോ .സൈമൺ ടി ചുങ്കത്ത് (എം എസ് - ഓർത്തോ) യുടെ സാക്ഷ്യപത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ ശാരീരിക സ്ഥിതി സംബന്ധിച്ച വിലയിരുത്തലുകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
2.സ ഉ (കൈ) നം 115/2022/തസ്വഭവ തീയതി 28.05.2022പ്രകാരം പുറപ്പെടുവിച്ച സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.3 ൽ ഓരോരുത്തരെയും പരിശോധിച്ച് അവർക്ക് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷം മാത്രമേ പ്രോജക്ട് തയ്യാറാക്കാവൂ എന്നും ഇതിനായി പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയക്യാമ്പ് നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്ടിൽ, എത്ര ഗുണഭോക്താക്കൾക്ക് ഏത് രീതിയിലുള്ള ഉപകരണങ്ങളാണ് നല്കേണ്ടത് എന്ന് രേഖപ്പെടുത്താതെ തുക മാത്രം രേഖപ്പെടുത്തുകയും അത്രയും തുകയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തത് ക്രമപ്രകാരമല്ല.
3.ഉപകരണ വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4.വിതരണം ചെയ്ത ഉപകരണങ്ങളുടെ ഗ്യാരന്റി കാലയളവ് ബില്ലിലോ സ്റ്റോക്ക് രജിസ്റ്ററിലോ ഉൾപ്പെടുത്തിയിട്ടില്ല.
5.മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

6.പതിനാലാം പഞ്ചവത്സര പദ്ധതി- നവകേരളത്തിന് ജനകീയാസൂത്രണം – ഗ്രാമബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി, ധനസഹായം,അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ (സ ഉ(കൈ)115/2022/തസ്വഭവ തീയതി 28.05.2022) ഖണ്ഡിക 7.1.2 (എ) ൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് നല്കാവുന്ന ഉപകരണങ്ങൾ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്.

7.1.2(സി) യിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡോക്ടറുടെ നിർദേശാനുസരണമുള്ള കൗൺസിലിംഗ്, മരുന്നുകൾ എന്നിവ നല്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.
ഇതിലൊന്നും ഉൾപ്പെടാത്ത താഴെ പറയുന്ന ഇനങ്ങൾ വികലാംഗ കോർപ്പറേഷനിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

1.സ്റ്റാറ്റിക്ക് സൈക്കിൾ 2 22783.44രൂപ

2.സെൻസറി കിറ്റ് 2 16784.32രൂപ

3.ട്രാംപോളിൻ 1 13127.50രൂപ
4.തെറാപ്പി ബോൾ 2 10348.80രൂപ

7.40% ഇന്റലക്ച്വൽ ഡിസ് എബിലിറ്റി രേഖപ്പെടുത്തിയ മുഹമ്മദ് മാജിദ്. കെ എന്ന കുട്ടിക്കാണ് ട്രാംപോളിൻ, സെൻസറി കിറ്റ്, സ്റ്റാറ്റിക്ക് സൈക്കിൾ എന്നിവ വിതരണം ചെയ്തത്. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ നല്കാൻ മേൽപ്പറഞ്ഞ ഉത്തരവിൽ നിർദ്ദേശമില്ല.

മെഡിക്കൽ ക്യാമ്പ് നടത്തിയത് വികലാംഗ കോർപ്പറേഷന്റെ ആഭിമുഖ്യത്തിലും ഉപകരണങ്ങൾ നിശ്ചയിച്ചത് തൃശ്ശൂർ ജില്ലയിലെ സർക്കാർ ഡോക്ടറായ ശ്രീ സൈമൺ ടി ചുങ്കത്ത് എന്നവരുമാണ്. സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ ടീമിന്റെ അല്ലെങ്കിൽ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ, പ്രോജക്ട് തയ്യാറാക്കിയ ശേഷം, മറ്റൊരു ജില്ലയിലെ ഡോക്ടറുടെ സേവനം ഉപയോഗപ്പെടുത്തി, ഉപകരണങ്ങൾ നിശ്ചയിച്ചതിനാലും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച

പ്രകാരമല്ലാതെ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തതിനാലും 198592രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/14.12.23 ന് മറുപടി നല്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടത്തിയത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം/രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-52696രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 185/23, വയോജനങ്ങൾക്ക് ഉപകരണങ്ങൾ |
| അടങ്കൽ | ₹245995-വികസന ഫണ്ട്,ജനറൽ |
| ചെലവ് | ₹212600(ബിൽ നമ്പർ 1426263/21.03.23) |

ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുകയാണ്പദ്ധതി ലക്ഷ്യം. വികലാംഗ കോർപ്പറേഷനിൽ നിന്ന് നേരിട്ടാണ് ഉപകരണങ്ങൾ വാങ്ങിയത്. ഡോ സൈമൺ ടി ചുങ്കത്ത് , എം എസ് ഓർത്തോ എന്ന സർക്കാർ ഡോക്ടറാണ് 11.08.22 തീയതിയിൽ ക്യാമ്പ് നടത്തി ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തിയത്.

പതിനാലാം പഞ്ചവത്സര പദ്ധതി- നവകേരളത്തിന് ജനകീയാസൂത്രണം- ഗ്രാമബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി, ധനസഹായം,അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ (സ ഉ(കൈ)115/2022/തസ്വഭവ തീയതി 28.05.2022) 7.1.14(3)ൽ നിർധനരായ വയോജനങ്ങൾക്ക് ഹിയറിംഗ് എയ്ഡ്, വീൽചെയർ, വാക്കർ എന്നിവ സൗജന്യമായി നല്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾക്കു പുറമേ സ്റ്റാറ്റിക്ക് സൈക്കിൾ (1 @11391രൂ), നീ ക്യാപ്പ് (28 @266രൂ), എൽ എസ് കോർസെറ്റ് (11 @443), തെറാപ്പി മാറ്റ് മീഡിയം (4 @5244) ,എയർ ബെഡ് (1 @8008രൂ) എന്നിവയും വിതരണം ചെയ്തിട്ടുണ്ട്.

മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 52696 രൂപയുടെ (11391+ 7448+ 4873 + 20976+ 8008) ചെലവ് തടസ്സത്തിൽ വെക്കുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിതയ് സംബന്ധിച്ച് വിശദീകരണം/രേഖകൾ സഹിതം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 അങ്കണവാടി പോഷകാഹാരം- 6മാസം മുതൽ പ്രായമായ കുട്ടികൾക്ക് ന്യൂട്രിമിക്സ് അല്ലാത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു -110259 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

2022-23 സാമ്പത്തിക വർഷം അങ്കണവാടികൾ വഴി പോഷകാഹാര വിതരണം നടത്തുന്നതിനായി മൂന്നു പ്രോജക്ടുകളാണ് നടുവിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർ വൈസർ | |
| പ്രോജക്ട് നമ്പർ , പേര് | 20/23 | അങ്കണവാടി പോഷകാഹാരം |
| | 21/23 | അങ്കണവാടി പോഷകാഹാരം-എസ് ടി |
| | 44/23 | അങ്കണവാടി പോഷകാഹാരം-സ്പിൽ ഓവർ |
| പദ്ധതി അടങ്കൽ | 20/23 | ₹24,00,000(വികസന ഫണ്ട്-ജനറൽ)<br>₹13,00,000(കേന്ദ്രാവിഷ്കൃത വിഹിതം) |
| | 21/23 | ₹7,00,000(വികസന ഫണ്ട്-ടി എസ് പി) |
| | 44/23 | ₹175708(വികസന ഫണ്ട്-ജനറൽ)<br>₹904853(കേന്ദ്രാവിഷ്കൃത വിഹിതം) |
| പദ്ധതിച്ചെലവ് | 20/23 | ₹24,00,000(വികസന ഫണ്ട്-ജനറൽ)<br>₹1,03,552(കേന്ദ്രാവിഷ്കൃത വിഹിതം) |
| | 21/23 | ₹7,00,000(വികസന ഫണ്ട്-ടി എസ് പി) |
| | 44/23 | ₹1,75,708(വികസന ഫണ്ട്-ജനറൽ)<br>₹8,78,294(കേന്ദ്രാവിഷ്കൃത വിഹിതം) |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ബിൽ നമ്പർ 551377/18.09.22 തുക ₹392068, ഇൻവോയ്സ് നമ്പർ 221015/09.08.2022 110259രൂ(സപ്ലൈകോ)

നാച്ചറൽ ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനം ജൂൺ , ജൂലൈ മാസങ്ങളിൽ ന്യൂട്രിമിക്സ് ഉല്പാദിപ്പിക്കാത്തതിനാൽ 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് നല്കുന്നതിനായി നുറുക്ക് ഗോതമ്പ്, പൊട്ടുകടല തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 861കി ഗ്രാം നുറുക്ക് ഗോതമ്പ്, 290കി ഗ്രാം പൊട്ടു കടല ഇവയാണ് വാങ്ങിയത്.ഓരോ കുട്ടിക്കും നല്കേണ്ടുന്ന അളവ് നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കുകയോ കുട്ടികളുടെ എണ്ണം ഉൾപ്പെടെയുള്ള വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 110259രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

2.മറ്റ് യൂനിറ്റുകളിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്താതെ കൊച്ചുകുട്ടികൾക്ക് നല്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള മേൽപ്പറഞ്ഞ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിന്റെ ശാസ്ത്രീയാടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല. ന്യൂട്രിമിക്സ് മറ്റ് യൂനിറ്റുകളിൽ നിന്ന് ലഭ്യമായില്ല എന്നു മാത്രമാണ് മറുപടിയിൽ പരാമർശിച്ചത്.
3.നാച്ചറൽ ഫുഡ് പ്രോഡക്ട്സ് നല്കിയ ഇൻവോയ്സുകളിൽ ജി എസ് ടി നമ്പർ പ്രിന്റ് ചെയ്തിട്ടില്ല. ജി എസ് ടി നമ്പർ ഇല്ലാത്ത ബില്ലുകളിൽ 5% ജി എസ് ടി കൂട്ടി നല്കുകയും 2% ടി ഡി എസ് ചെയ്യാതിരിക്കുകയും ചെയ്തത് ക്രമപ്രകാരമല്ല. ജി എസ് ടി ഈടാക്കി റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്.
വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 12/06.12.2023 ന് നല്കിയ മറുപടിയിൽ മേൽപ്പറഞ്ഞ അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 വായാട്ടുപറമ്പ വനിതാ പരിശീലന കേന്ദ്രം- നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല- 72173 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ , പേര് | 54/23, വായാട്ടു പറമ്പ വനിതാ പരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ |
| അടങ്കൽ | 163180(വികസന ഫണ്ട് , ജനറൽ) |
| ചെലവ് | 72173(ബിൽ നമ്പർ 22190952006000374401/02.08.2022) |

ജനാലകളിലും വെന്റിലേറ്ററുകളിലും ഗ്രിൽ പിടിപ്പിച്ച് പെയിന്റ് ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം അറ്റകുറ്റപ്പണികൾക്കായി 4 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ചെയ്ത പ്രവൃത്തികളും അറ്റകുറ്റപ്പണികൾ ആയിരുന്നില്ല മറിച്ച ടൈൽസ് പതിക്കൽ, ജനാലകളും വാതിലുകളും സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളായിരുന്നു.
വനിതാ പരിശീലന കേന്ദ്രം കെട്ടിടം നിർമ്മിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ/രേഖകൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 43/15.12.23 ന് മറുപടി നല്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.
1.സൈറ്റ് പ്ലാൻ
2.ബിൽഡിംഗ് പ്ലാൻ
3.എസ്റ്റിമേറ്റ്
4.പ്രോജക്ട് ഫയൽ , എം ബുക്ക്
5.നിർമ്മാണച്ചെലവ്, നിർമ്മാണ വർഷം
6.വൈദ്യുതീകരണവുമായി ബന്ധപ്പെട്ട ഫയൽ
ഒരു നിർമ്മാണ പ്രവൃത്തി ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്നിരിക്കെ, വിവിധ വർഷങ്ങളിൽ പ്രവൃത്തിയുടെ വിവിധ ഭാഗങ്ങൾ പുതിയ പ്രോജക്ടുകൾ തയ്യാറാക്കി ചെയ്യുന്നത് ശരിയായ നടപടിയല്ല. അറ്റകുറ്റപ്പണി എന്ന പേരിൽ ചെയ്യുന്നത് ആദ്യഘട്ടത്തിൽ ചെയ്തു തീർക്കേണ്ടിയിരുന്ന പ്രവൃത്തികൾ തന്നെയാണ്. ഫണ്ട് അപര്യാപ്തതയാണ് കാരണമെങ്കിൽ ബഹുവർഷ പ്രോജക്ടായി നടപ്പിലാക്കുന്നതിനുള്ള സാധ്യതകളാണ് പരിശോധിക്കേണ്ടത്.
കെട്ടിട നിർമ്മാണ ഘട്ടത്തിൽ ഏതൊക്കെ പ്രവൃത്തികൾ ചെയ്തിട്ടുണ്ട് എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും നിർമ്മാണ വർഷം വ്യക്തമല്ലാത്തതിനാലും ഓഡിറ്റ് വർഷം ചെയ്ത പ്രവൃത്തികളുടെ ആവശ്യകത വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. 72173 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 പൊതിവച്ച തട്ട് നൂലിട്ടാമല റോഡ് - രേഖകൾ ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രസ്തുത ടാറിംഗ് പ്രവൃത്തിയുടെ ബിൽ തുക (1,92,321രൂപ) സർക്കാരിൽ നിന്നും പിഴ ഒഴിവാക്കുന്നതിനുള്ള പ്രത്യേകാനുമതിയോടെ 2022-23 സാമ്പത്തിക വർഷം നല്കിയിട്ടുണ്ട്. 0/00 മുതൽ 0/77 മീറ്റർ വരെ റീച്ചിലാണ് ടാറിംഗ് പ്രവൃത്തി നടത്തിയിട്ടുള്ളത്. 31.03.2023 വരെ കാലികമാക്കിയതായി പറഞ്ഞ ആസ്തി രജിസ്റ്ററിൽ 550മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള മൺറോഡ് വിഭാഗത്തിലാണ് പ്രസ്തുത റോഡ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണച്ചെലവ് 0.
2016-17 ലെ നിർമ്മാണച്ചെലവ് 37398 രൂപയും(ബിറ്റുമിൻ വില), 2022-23 ലെ നിർമ്മാണച്ചെലവ് 192321രൂപയും ആണെന്നിരിക്കെ ചെലവ് പൂജ്യമായി കാണിക്കുകയും അപ്ഡേഷൻ വരുത്താതിരിക്കുകയും ചെയ്തത് ഗുരുതരമായ പിഴവാണ്.
കൂടാതെ 2018-19 സാമ്പത്തിക വർഷം ഇതേ റോഡിൽ 482857രൂപ ചെലവഴിച്ച് ടാറിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. (പ്രോജക്ട് നമ്പർ 196/19). ആയത് ഏത് റീച്ചിലാണ് ചെയ്തതെന്ന് വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 41/15.12.2023 ന് മറുപടി നല്കിയിട്ടില്ല. പ്രസ്തുത ചെലവിന്റെ വിവരവും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.
2022-23 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 4/23 ൽ 500000 രൂപ വകയിരുത്തി (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 496781രൂപ ചെലവഴിച്ചിട്ടുണ്ട്. 0/212 മുതൽ 0/315 വരെ റീച്ചിൽ 103മീറ്റർ നീളത്തിൽ റോഡ് ടാറിംഗും ഇരു വശങ്ങളിലുമായി 80സെ മീ സൈഡ് കോൺക്രീറ്റിംഗുമാണ് ഈ വർഷം നടപ്പാക്കിയത്. ആയതും ആസ്തി രജിസ്റ്ററിൽ വന്നിട്ടില്ല. R Track ൽ 513 മീറ്റർ നീളമുള്ള ഡബ്ല്യു ബി എം സർഫസ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടാറിംഗ് നടന്ന റോഡ് ആ രീതിയിൽ കാണിക്കാതിരുന്നതും അപാകമാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-36 റോഡ് മാപ്പിംഗ്- പരിശോധന നടത്താതെ തുക നല്കിയതും മറ്റ് അപാകങ്ങളും- 57000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ , പേര് | 226/23,റോഡ് കണക്ടിവിറ്റി മാപ്പിംഗ് നടത്തുന്നതിന് ആവശ്യമായ ചെലവ് |
| അടങ്കൽ | ₹57000(തനത് ഫണ്ട്) |
| ചെലവ് | ₹57000(വൗച്ചർ നമ്പർ 22201140/21.02.23) |

നടുവിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള മുഴുവൻ റോഡുകളും ഓൺലൈൻ പ്ലാറ്റ്ഫോം ആയ ആർ ട്രാക്ക് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തി റോഡ് കണക്ടിവിറ്റി മാപ്പിംഗ് നടത്തുകയാണ് പദ്ധതി ലക്ഷ്യം. പഞ്ചായത്ത് ഡയറക്ടറുടെ 31.10.22 തീയതിയിലെ PAN/3173/2021-J1(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചു പ്രകാരം ഒരു വാർഡിലെ പ്രവർത്തനങ്ങൾ നടത്തുന്നതിന് 3000രൂപയാണ് അനുവദനീയമായിട്ടുള്ളത്.
വാർഡൊന്നിന് 3000രൂപ നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറുള്ള സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമക്കാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് ശ്രീമതി സാജിത പി കെ എന്നവരെയാണ് പ്രവൃത്തി നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. നിയമനം നടത്താൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുമതി നല്കിയിരുന്നുവെങ്കിലും കരാർ തുക നല്കിയ ശേഷമാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതി നിയമനം സാധൂകരിച്ച് നല്കിയത്. തുക പറഞ്ഞു കൊണ്ട് ക്വട്ടേഷൻ ക്ഷണിച്ച രീതിയും ശരിയല്ല.
268 റോഡുകളുടെ വിവരങ്ങളാണ് ആർ ട്രാക്കിൽ മാപ്പ് ചെയ്തിട്ടുള്ളത്. എന്നാൽ ആസ്തി രജിസ്റ്ററുമായി ക്രോസ് ചെക്ക് ചെയ്തപ്പോൾ പല റോഡുകളുടെയും നീളവും വീതിയും ക്യാരേജ് വേ-യുടെ വീതിയും നിർമ്മാണ രീതിയും ആർ ട്രാക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല എന്ന് കാണുകയുണ്ടായി. ഓഡിറ്റ് വർഷം നടപ്പിലാക്കിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകളിൽ പോലും വ്യത്യാസം വന്നിട്ടുണ്ട്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | അസറ്റ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ | ആർ ട്രാക്ക് സംവിധാനം വഴി ഓൺലൈനായി രേഖപ്പെടുത്തിയ വിവരങ്ങൾ |
|---|---|---|
| മുളകുവള്ളി മുളകുവള്ളിത്തട്ട് | 1.7കി മീ നീളം, 6 മീറ്റർ വീതി 3 മീറ്റർ | 618.96 മീറ്റർ നീളം, 3 മീറ്റർ വീതി, 3 മീറ്റർ |

| | | |
|---|---|---|
| റോഡ് | ക്യാരേജ് വേ (കച്ച റോഡ്) | ക്യാരേജ് വേ (കോൺക്രീറ്റ് സർഫസ്) |
| ആനടുക്കടവ് മുളകുവള്ളി പാത്തൻപാറ റോഡ് | 4കി മീ നീളം, 7.5 മീ വീതി, 3.2മീ ക്യാരേജ് വേ | 474.014മീറ്റർ,3 മീറ്റർ വീതി, 3 മീറ്റർ ക്യാരേജ് വേ |
| മാമ്പള്ളം കൊക്കായി തോട് റോഡ് | 800മീ നീളം, 4 മീറ്റർ വീതി, 3 മീ ക്യാരേജ് വേ | 227.598മീ നീളം, 3മീ വീതി, 3മീ ക്യാരേജ് വേ |
| വിളക്കന്നൂർ കാണിക്കത്തോട് റോഡ് | 1.7 കി മീ നീളം, 7 മീ വീതി, 3 മീ ക്യാരേജ് വേ | 1.657കി മീ നീളം, 4 മീ വീതി, 3 മീ ക്യാരേജ് വേ |

പ്രവൃത്തി പൂർത്തിയാക്കിയെന്ന കരാറുകാരിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക നല്കിയത് എന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. ഡാറ്റ പരിശോധിച്ചതുമായി ബന്ധപ്പെട്ട രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും സാജിതയുമായി ഉണ്ടാക്കിയ കരാറും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

സംസ്ഥാന തലത്തിൽ തയ്യാറാക്കിയ സോഫ്റ്റ് വെയറിൽ ആർ ട്രാക്ക് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിനും നല്കേണ്ട സംരക്ഷണ ഗ്രാന്റ് നിശ്ചയിക്കുക എന്ന ലക്ഷ്യത്തോടെയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പ്ലാറ്റ്ഫോമിലേക്ക് വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് സമയ പരിധി നിശ്ചയിച്ച് കൊണ്ട് സർക്കാർ നിർദ്ദേശം നല്കിയത്. അലക്ഷ്യമായി പദ്ധതി നടപ്പാക്കുക വഴി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പ്രസ്തുത പ്ലാറ്റ്ഫോമിൽ ലഭ്യമാകാത്ത സാഹചര്യം സംജാതമാകുകയും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള അളവുകളിൽ റോഡുകൾ മാപ്പ് ചെയ്യപ്പെടാതെ പോവുകയും ചെയ്യും എന്നതിനാൽ അപാകം ഏറെ ഗൗരവമുള്ളതാണ് എന്ന കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 47/15.12.2023 ന് നല്കിയ മറുപടിയിൽ അപാകം പരിഹരിക്കുന്നതാണ് എന്നുമാത്രമാണ് അറിയിച്ചത്.

മേൽക്കാരണങ്ങളാൽ 57000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

ഓരോ വാർഡിലെയും എല്ലാ സ്കീമുകളിലും പെടുത്തി (എം എൻ ആർ ഇ ജി എസ്, ജില്ലാ ബ്ലോക്ക് പഞ്ചായത്ത് സ്കീമുകൾ, മറ്റ് സ്കീമുകൾ ഉൾപ്പെടെ) നിർമ്മിച്ച മുഴുവൻ റോഡുകളും അപ് ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും എഗ്രിമെന്റും പരിശോധനക്കായി ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

ഒരേ ലെങ്ത്തിൽ വരുന്ന റോഡുകളെ ഒറ്റ റോഡായി കാണിച്ച് മൊത്തം അളവുകളും ഒരുമിച്ച് രേഖപ്പെടുത്തേണ്ടതും ഓവർലാപ്പിംഗ് വരുന്ന ഭാഗങ്ങൾ ഒഴിവാക്കി ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതുമാണ്.

## 1-37 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- രേഖകൾ പൂർണ്ണമല്ല-73420 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വാഹനം വാടകയ്ക്കെടുത്തതുമായി ബന്ധപ്പെട്ട് രണ്ടു പദ്ധതികളാണ് 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത്.

1.എൽ ഐ ഡി & ഇ ഡബ്ല്യു കാര്യാലയത്തിൽ വാടകയ്ക്കെടുത്ത വാഹനം അധികം ഓടിയതിന്റെ തുക കൈമാറൽ

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | 200/23,എൽ ഐ ഡി & ഇ ഡബ്ല്യു കാര്യാലയത്തിൽ വാടകയ്ക്കെടുത്ത വാഹനം അധികം ഓടിയതിന്റെ തുക കൈമാറൽ |
| അടങ്കൽ | ₹50,000-തനത് ഫണ്ട് |
| ചെലവ് | ₹49420 |
| വൗച്ചർനമ്പർ,തീയതി | 22200440/05.08.2022 |

2.വാഹന സൗകര്യം ഏർപ്പെടുത്തൽ(സ്പിൽ ഓവർ പദ്ധതി)

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | 45/23,ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് എഞ്ചിനീയറിംഗ് വിംഗിന് വാഹന സൗകര്യം ഏർപ്പെടുത്തൽ(സ്പിൽ ഓവർ പദ്ധതി) |

| | |
|---|---|
| അടങ്കൽ | ₹26767-തനത് ഫണ്ട് |
| ചെലവ് | ₹24000(വൗച്ചർ നമ്പർ 22200182/28.05.22) |
| കരാറുകാരൻ | ശ്രീ.മണികണ്ഠൻ.സി-1200കിലോമീറ്റർ വരെ ₹24000/മാസം, അതിനു ശേഷം ₹28/കി മീ നിരക്കിൽ |

2021-22 സാമ്പത്തിക വർഷം വാഹനം വാടകയ്ക്കെടുക്കുന്നതിനായി 360000രൂപ അടങ്കലിൽ പ്രോജക്ട് നടപ്പിലാക്കുകയും (പ്രോജക്ട് നമ്പർ 5/2022) ശ്രീ.മണികണ്ഠൻ.സി എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ച് 2021 ജൂൺ മുതൽ 2022 മാർച്ച് മാസം വരെ വാഹനം ഓടിക്കുന്നതിന് എഗ്രിമെന്റ് വെക്കുകയും ചെയ്തിരുന്നു.(എഗ്രിമെന്റ് നമ്പർ AE/LSGS/NGP/AGT/1/2021-22 തീയതി 09.06.2021. 2021-22 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 3,33,233രൂപ ചെലവഴിച്ചിട്ടുണ്ട്. 24000രൂപ ക്രമനമ്പർ 2 ന്റെ ഭാഗമായും നല്കി.

എന്നാൽ പ്രോജക്ട് ഫയലിൽ ഓരോ മാസവും എത്ര ദൂരം ഓടിയിട്ടുണ്ടെന്നു സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത കാലയളവിലെ ലോഗ് ബുക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം52/16.12.2023) നല്കിയതിനെ തുടർന്ന് 31.10.2021 വരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ ലോഗ് ബുക്ക് പരിശോധനക്കായി ഹാജരാക്കിയിട്ടുണ്ട്. ആയതിൽ താഴെ പറയും പ്രകാരമുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയത്.

| മാസം | ആകെ ഓടിയ ദൂരം | 1200 കിലോമീറ്ററിൽ കൂടുതലായി ഓടിയ ദൂരം |
|---|---|---|
| 6/2021(30.06.2021) | 58കി മീ | |
| 7/21 | 2156കി മീ | 956 |
| 8/21 | 1686കി മീ | 486 |
| 9/21 | 1707കി മീ | 507 |
| 10/21 | 1494 കി മീ | 294 |
| | ആകെ | 2243കി മീ |

അതിനു ശേഷം വാഹനം ഓടിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 1200കി മീ വരെ ഓടുന്നതിന് 24000രൂപ നിരക്കിൽ 7/21 മുതൽ 10/21 വരെ നല്കേണ്ടിയിരുന്ന തുക 4*24000=96000രൂപയാണ്. 10/21 വരെ കൂടുതലായി ഓടിയതിന് കിലോമീറ്ററിന് 28 രൂപ നിരക്കിൽ വരുന്ന തുക 2243*28=62804രൂപയാണ്. (ആകെ 62804+96000=158804രൂപ.)

11/2021 മുതൽ 3/2022 വരെ ഓടിയ ദൂരം സംബന്ധിച്ച യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ലാത്തതിനാലും 2021-22 സാമ്പത്തിക വർഷം തന്നെ 3,33,233 രൂപ ചെലവഴിച്ചിട്ടുള്ളതിനാലും 2022-23 സാമ്പത്തിക വർഷം മേൽ പ്രോജക്ടുകൾക്കു വേണ്ടി ചെലവഴിച്ച 73420രൂപ തടസത്തിൽ വെക്കുന്നു.

11/2021 മുതൽ 3/2022 വരെയുള്ള കാലയളവിലെ ലോഗ് ബുക്ക്, കാൽക്കുലേഷൻ ഷീറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കേണ്ടതും അധികത്തുക നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടക്കേണ്ടതുമാണ്.

## 1-38 കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല-₹14292 രൂപ ഈടാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ, പേര് | 41/23, നടുവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനം |
| അടങ്കൽ | 10,44,163(സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| സാങ്കേതികാനുമതി | 4,00,000 |
| ചെലവ് | 395955(ബിൽ നമ്പർ 1480068/25.03.2023) |
| കരാറുകാരൻ | ശ്രീ ടി സതീശൻ(എസ്റ്റിമേറ്റ് നിരക്ക്-348274.56 രൂപ) |
| എം ബുക്ക് നമ്പർ | 44/21-22 |

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ (ജി ഒ (പി) നമ്പർ 13/2012/പി ഡബ്ല്യു ഡി/തീയതി 01.02.2012) സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം നിശ്ചിത സമയപരിധിക്കകം പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാതെ വരികയാണെങ്കിൽ , കരാറുകാരന്റെ അപേക്ഷ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശിപാർശ സഹിതം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. പി എ സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം ഏതാണോ കുറവ്) ഒറ്റത്തവണയും തുടർന്നും ദീർഘിപ്പിക്കേണ്ടി വരികയാണെങ്കിൽ 2% പിഴയോടെ ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ആകെ ദീർഘീകരണം

കരാർ കാലാവധിയുടെ 50% ൽ അധികരിക്കാവുന്നതല്ല.

എന്നാൽ, 6 മാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് 14.03.2022 തീയതിയിൽ സ്ഥലം കൈമാറിയിട്ടുണ്ടെങ്കിലും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ 30.07.2022 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നോട്ടീസ് നല്കിയിരുന്നു. അതിനു ശേഷം മാത്രമാണ് മൂന്നുമാസം ദീർഘികരണം അനുവദിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചത്. ഭരണസമിതി ദീർഘീകരണം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. ഭരണസമിതിയുടെ അനുമതിയില്ലാതെ ദീർഘീകരണം അനുവദിച്ചതാണെങ്കിൽ ആയത് ശരിയായ നടപടിയല്ല.

14.09.2022 തീയതിക്കകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയത് 16.02.2023 തീയതിയിൽ മാത്രമാണ്.

എഗ്രീഡ് പി എ സി യുടെ 3% പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (348274.56*3/100 = ₹10449)

19.02.2022 തീയതിയിൽ 04.03.2022 നകം പിഴയില്ലാതെയും 14.03.22 വരെ 1% പിഴയോടെയും എഗ്രിമെന്റ് വെക്കാവുന്നതാണെന്ന് രേഖപ്പെടുത്തി സെലക്ഷൻ നോട്ടീസ് നല്കിയിരുന്നു (2012-ലെ പി ഡബ്ല്യു ഡി മാന്വൽ സെക്ഷൻ 2009-6). എഗ്രിമെന്റ് വച്ചത് 14.03.2022 തീയതിയിലാണ്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല. 348274.56 യുടെ 1% വരുന്ന തുക(3483രൂപ) ഈടാക്കാതെ എഗ്രിമെന്റ് വെക്കാൻ അനുവദിച്ചത് ക്രമപ്രകാരമല്ല.

പിഴ ഈടാക്കി (10449+3483=14292രൂപ) രശീതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-39 ഗ്രാമപഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ

ആസ്തി രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ 31.03.2023 വരെയുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1/03.12.23) മറുപടി നല്കിയതെങ്കിലും 2022-23 സാമ്പത്തിക വർഷം പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ ഒന്നും തന്നെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. മുൻവർഷങ്ങളിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരങ്ങളും ഭാഗികമായി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടാർ ചെയ്തതും കോൺക്രീറ്റ് ചെയ്തതുമായ നിരവധി റോഡുകൾ ഇപ്പോഴും മൺറോഡ് (കച്ച) എന്ന രീതിയിലാണ് ആസ്തി രജിസ്റ്ററിൽ ഉള്ളത്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. നടുവിൽ എഫ് എച്ച് സി യിൽ 43 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ പുതിയ ഐ പി ബ്ലോക്കിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ വന്നിട്ടില്ല. എം സി എഫുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിച്ച നല്കുന്ന ആസ്തികളുടെ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ഇല്ല.

ജില്ലാ പഞ്ചായത്ത് ധനസഹായം ഉപയോഗപ്പെടുത്തി പൂർത്തിയാക്കിയ തറ്യാട് എസ് ടി കോളനി ശ്മശാനം ചുറ്റുമതിൽ നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷം 13.1 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഈ രീതിയിൽ കാലികമാക്കാതെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നത് ഒരേ പദ്ധതി തന്നെ വിവിധ വർഷങ്ങളിൽ ഏറ്റെടുക്കാനും ധനദുർവിനിയോഗത്തിനും ഇടയാകുമെന്നതിനാൽ ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ്. (ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചത്.)

ആർ ട്രാക്ക് വഴി റോഡ് മാപ്പിംഗ് നടത്തിയിട്ടുണ്ടെങ്കിലും ആയതിൽ കണ്ടെത്തിയ വിവരങ്ങൾ ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ആർ ട്രാക്ക് വഴിയുള്ള വിവര ശേഖരണത്തിൽ വന്ന പോരായ്മകൾ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയ വ്യക്തിയുടെ ഉത്തരവാദിത്തത്തിൽ പരിഹരിച്ച് റോഡുകളുടെ കൃത്യമായ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

അസറ്റ് മാനേജ് മെന്റ് പ്ലാൻ

9-01-2018 തീയ്യതിയിലെ സ.ഉ.(കൈ)നമ്പർ 11/2018 നമ്പറായുള്ള പദ്ധതി മാർഗ രേഖ ഖ.6.7 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം പദ്ധതി രൂപീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ഭൂനികുതി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ കൃത്യമായ കണക്കുകൾ ആസ്തി രജിസ്റ്ററിൽ ഇല്ല. ഉദാഹരണമായി , ന്യൂ നടുവിൽ വില്ലേജിൽ പെടുന്ന നേന്ത്രവട്ടം ഗുഹ സ്ഥിതി ചെയ്യുന്ന സ്ഥലം പുറമ്പോക്ക് ഭൂമിയല്ലെന്നും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതാണെന്നും ആയത് അളന്ന് തിട്ടപ്പെടുത്താനും തുടർനടപടികൾ സ്വീകരിക്കാനും റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാനും 09.02.2023 ലെ 12/1 നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരേക്കറിൽ കൂടുതൽ വരുന്ന പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട യാതൊരു വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ഇല്ല.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് വർഷാവർഷം വില്ലേജ് ഓഫീസുകളിൽ ഭൂനികുതി ഒടുക്കു

വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
വില്ലേജ് ഓഫീസുകളുമായി ബന്ധപ്പെട്ട് ഭൂമി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതും ആസ്തി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. കൈയ്യേറ്റങ്ങൾ തടയുന്നതിന് ഭൂമി സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളും സ്വീകരിക്കേണ്ടതുണ്ട്.
വൃക്ഷ രജിസ്റ്റർ
ഗ്രാമപഞ്ചായത്ത് ഭൂമിയിൽ സ്ഥിതി ചെയ്യുന്ന വൃക്ഷങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന വൃക്ഷ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.
പരിശീലന കേന്ദ്രങ്ങൾ
ഗ്രാമപഞ്ചായത്ത് വിവിധ വാർഷിക പദ്ധതികളുടെ ഭാഗമായി നിർമ്മിച്ച പരിശീലന കേന്ദ്രങ്ങൾ നിശ്ചിത ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.
കുടിവെള്ള പദ്ധതികൾ

കുടിവെള്ള പദ്ധതികൾ ഇല്ല എന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി നല്കിയത്. എന്നാൽ കരുവഞ്ചാൽ കുടിവെള്ള പദ്ധതി, നരിയമ്മാവ് കുടിവെള്ള പദ്ധതി ഉൾപ്പെടെ ഏതാനും കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ആയവയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതും നിഷ്ക്രിയമല്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-40 മാലിന്യ സംസ്കരണം,ജലസംരക്ഷണം - അവലോകനം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/4.12.23ന് നടുവിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടേയും ലഭ്യമായ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാലിന്യ സംസ്കരണ ജലസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) അജൈവമാലിന്യം

1) ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ, ആരാധനാലയങ്ങൾ, ഹോട്ടലുകൾ, ആതുരാലയങ്ങൾ, ഓഡിറ്റോറിയങ്ങൾ, മറ്റുള്ളവ എന്നിവ വഴി ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളിൽ, പ്രധാനമായും പ്ലാസ്റ്റിക്, ഹരിതകർമ്മസേന വഴി ശേഖരിച്ച് തരംതിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരികയും ജൈവമാലിന്യം വീടുകളിലും സ്ഥാപനങ്ങളിലും സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്കരിക്കുകയും ചെയ്യുന്നുണ്ട്. ഹരിത മിത്രം ഗാർബേജ് ആപ്പ് സ്ഥാപിക്കുന്നതിന് പ്രോജക്ട് വെച്ചിട്ടുണ്ടെന്നും കെൽട്രോൺ മുഖേന സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

2) എം സി എഫ് ന്റെ പ്രവർത്തന വിവരം

പഞ്ചായത്ത് പരിധിയിൽ വിവിധ ഭാഗങ്ങളിലായി മാലിന്യ ശേഖരണത്തിനായി 12 മിനി എം സി എഫുകളും നടുവിൽ, കരുവഞ്ചാൽ എന്നിവിടങ്ങളിൽ 2 എം സി എഫുകളും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ RRF പ്രവർത്തിക്കുന്നില്ല. ബെയിലിംഗ്-ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല. ഹരിതകർമ്മ സേനകൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക്/പ്ലാസ്റ്റിക്കേതര മാലിന്യങ്ങളായി തരം തിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്.

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിക്ക് നൽകിയ തുകയുടെ വിവരം.

| വർഷം | മാലിന്യത്തിന്റെ അളവ് (Kg) | തുക |
|---|---|---|
| 2021-22 | ലഭ്യമാക്കിയിട്ടില്ല | ₹159418 |
| 2022-23 | 40650 | ₹334122 |

മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിച്ച തുകയുടെ വിവരം.

| വർഷം | തുക |
|---|---|
| 2021-22 | ₹31840 |
| 2022-23 | ₹28211 |

ഹരിത കർമ്മസേന പ്ലാസ്റ്റിക്കുകൾ യഥാവിധി തരംതിരിച്ച് കൈമാറുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ക്ലീൻ കേരള കമ്പനിക്ക് വില്പന നടത്തുക വഴി കിട്ടുന്ന തുകയിൽ നിന്ന് ലെഗസി മാലിന്യങ്ങൾ കൈമാറുന്നതിനായി നല്കേണ്ടി വരുന്ന തുക കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.
ഇ-വേസ്റ്റ്

ഇ- വേസ്റ്റ് നിലവിൽ ഓഫീസിൽ പ്രത്യേക സ്ഥലത്ത് സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ഇ-വേസ്റ്റ് ലേലം ചെയ്യുന്നതിനോ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിച്ച മാർഗ്ഗങ്ങൾ

പൊതു പരിപാടികളിൽ നിരോധിക്കപ്പെട്ട സിംഗിൾ യൂസ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ, പ്രധാനമായും പ്ലാസ്റ്റിക് ക്യാരി ബാഗ്, പേപ്പർ കപ്പ് തുടങ്ങിയവയുടെ, വലിയ തോതിലുള്ള ഉപയോഗം നിരോധിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തുന്നതിനുള്ള ജീവനക്കാരുടെ അഭാവം പ്രധാന വെല്ലുവിളിയാണ്.

സി) ജലസമൃദ്ധ ഗ്രാമം

പൊതു കിണറുകളും മറ്റ് ജലാശയങ്ങളും മലിന മുക്തമാക്കിയിട്ടുണ്ട്. മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന മഴക്കുഴികൾ നിർമ്മിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

സിസിടിവി ,ക്യാമറ എന്നീ സംവിധാനങ്ങളൊന്നും സ്ഥാപിച്ചിട്ടില്ല.

വേസ്റ്റ് മാനേജ്മെന്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ബൈലോ 2016 എന്നിവ പാസ്സാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വാർഡ്തല ശുചിത്വ സമിതികൾ, പഞ്ചായത്ത് തല സമിതി എന്നിവയുടെ നേതൃത്വത്തിൽ ആവശ്യമായ പരിശോധനകൾ നടത്തി പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് , ഖരമാലിന്യ പരിപാലന ചട്ടം 2016 പ്രകാരം നടപടി സ്വീകരിച്ച് വരുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ്- കുറവ് വന്ന തുകയായ ₹7200 ഈടാക്കേണ്ടതാണ്.

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.02.2018 തീയതിയിലെ 4/4(1) നമ്പർ തീരുമാനപ്രകാരം താഴെപറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ വിഭാഗം | ലൈസൻസ് ഫീസ് |
|---|---|---|
| 1 മൈക്രോ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 10ലക്ഷം വരെ | 200 |
| | 1000001 മുതൽ 15ലക്ഷം വരെ | 300 |
| | 1500001 മുതൽ 25 ലക്ഷം വരെ | 500 |
| സേവന മേഖല | 5 ലക്ഷം വരെ | 200 |
| | 500001 മുതൽ 10 ലക്ഷം വരെ | 500 |
| 2. മിനി എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 2500001 മുതൽ 1കോടി വരെ | 1000 |
| സേവന മേഖല | 1000001 മുതൽ 50 ലക്ഷം വരെ | 1000 |
| 3 സ്മോൾ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 10000001 മുതൽ 2 കോടി വരെ | 2000 |
| | 20000001 മുതൽ 3 കോടി വരെ | 3000 |

| | | |
|---|---|---|
| | 30000001 മുതൽ 5 കോടി വരെ | 5000 |
| സേവന മേഖല | 5000001 മുതൽ 75 ലക്ഷം വരെ | 2000 |
| | 7500001 മുതൽ 15000000വരെ | 3000 |
| | 15000001 മുതൽ 2 കോടി വരെ | 5000 |
| 4 മീഡിയം എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 50000001രൂപ മുതൽ 10കോടി വരെ | 10000 |
| സേവന മേഖല | 20000001മുതൽ 5 കോടി വരെ | 10000 |
| 5 ലാർജ്ജ് എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 100000001 രൂപ മുതൽ | 15000 |
| സേവന മേഖല | 5കോടിക്ക് മുകളിൽ | 15000 |

ലൈസൻസ് ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. മിക്ക അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. മൂലധനനിക്ഷേപം രേഖപ്പെടുത്തിയവയിൽ താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| സ്ഥാപനം/മേഖല | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധന നിക്ഷേപം (അപേക്ഷയിൽ രേഖപ്പെടുത്തിയത്) | ഈടാക്കിയ തുക/ രശീത് നം,തീയതി | ഈടാക്കേണ്ട തുക(ഭരണ സമിതി തീരുമാന പ്രകാരം) | കുറവ് |
|---|---|---|---|---|---|---|
| ടെക്സ്റ്റൈൽസ് & റെഡി മെയ്ഡ്സ്/ സേവനമേഖല | 1/1220 A12 | റ്റിജിമോൾ സി വി | 10 ലക്ഷം | 200, 121010105803/ 23.02.2022 | 500 | 300 |
| ടയർ വർക്ക്സ്/ സേവനമേഖല | 1/1342 | ജഗദീഷ് | 6ലക്ഷം | 200, 121010105744/ 23.02.2022 | 500 | 300 |
| വസ്ത്ര വ്യാപാരം/ സേവനമേഖല | 16/219 | രാജൻ | 10ലക്ഷം | 200, 1220100163/ 22.04.2022 | 500 | 300 |
| വസ്ത്രവ്യാപാരം/ സേവനമേഖല | 1/1085 B,C | രതീഷ് കുമാർ കെഎസ് | 8ലക്ഷം | 200, 1220100241/ 27.04.2022 | 500 | 300 |
| ആയുർവേദ പ്രകൃതി ചികിത്സ കേന്ദ്രം/ സേവനമേഖല | 7/266 | ഫാദർ ജോർജ് കുരുവിള | 9ലക്ഷം | 200, 1220100383/ 06.05.2022 | 500 | 300 |
| ഹോട്ടൽ/ സേവനമേഖല | 1/1264 | മുജീബ് | 10ലക്ഷം | 200, 1220100482/ 10.05.2022 | 500 | 300 |
| മെഡിക്കൽ ഷോപ്പ് / സേവനമേഖല | - | മഞ്ജു ജോസ് | 8ലക്ഷം | 200, 1220101055/ 14.06.2022 | 500 | 300 |

| | | | | | | |
|---|---|---|---|---|---|---|
| വളം കീട നാശിനി വിൽപ്പന/ സേവനമേഖല | - | സെക്രട്ടറി നടുവിൽ സർവീസ് സഹകരണ ബാങ്ക് | 50ലക്ഷം | 300, 1220101002/ 09.06.2022 | 1000 | 700 |
| മോനിപ്പള്ളി സ്റ്റോർസ്/ സേവനമേഖല | 1/1140 | അന്നമ്മ ചാക്കോ | 35ലക്ഷം | 200, 1220101771/ 03.08.2022 | 1000 | 800 |
| മോനിപ്പള്ളി സ്റ്റോർസ് / സേവനമേഖല | 1/1141 | ചാക്കോ എംജെ | 1 കോടി | 200, 1220101769/ 03.08.2022 | 3000 | 2800 |
| നീതി മെഡിക്കൽ സ്റ്റോർ / സേവന മേഖല | 16/288 E1 | പ്രജിത്ത് | 15ലക്ഷം | 500, 1220102550/ 01.10.2022 | 1000 | 500 |
| ഫാസ്റ്റ് ഫുഡ് ആൻഡ് ടീ ഷോപ്പ്/ സേവന മേഖല | 14/152 | ഇബ്രാഹിം | 6ലക്ഷം | 200, 1220106362/ 06.03.2023 | 500 | 300 |
| | | | | | ആകെ | ₹7200 |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുകയായ 7200 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ വിദ്യാർത്ഥിക്ക് രണ്ട് വർഷങ്ങളിൽ മേശയും കസേരയും അനുവദിച്ചു- ₹4750 തിരിച്ചടക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. & പേര് | 196/23, എസ് സി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും |
| അടങ്കൽ | ₹35000 (SCP) |
| ചെലവ് | ₹33250 |
| ബിൽ നം., തീയതി | 258/16.3.2023 |

സർക്കാർ / എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും കൈയുള്ള ഫൈബർ കസേരയും നൽകുകയാണ് പദ്ധതി ലക്ഷ്യം. 7മേശയും (@₹4000) 7കസേരയും (@₹750) പാറയിൽ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി 7 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

28.5.2022 ലെ സ.ഉ (കൈ) 115/2022/തസ്വഭവ ഖണ്ഡിക 7.2.6 പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നല്കാവൂ. എന്നാൽ ടി വർഷം മേശയും കസേരയും അനുവദിച്ച ദക്ഷൻ കെ വി, S/o വിനീത് കുമാർ കെ വി, കോണിക്കൽ, നടുവിൽ എന്ന വിദ്യാർത്ഥിക്ക് 2020-21 വർഷത്തിലും ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ട് (സ്റ്റോക്ക് രജിസ്റ്റർ പേജ് 40). ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/6.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഒരേ ആനുകൂല്യം രണ്ട് തവണ നൽകിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ ഈ വർഷം അനുവദിച്ച മേശയുടേയും കസേരയുടേയും വിലയായ ₹4750 ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ച് അടവാക്കി ഓഡിറ്റിനെ അറിക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| ഓഡിറ്റ് വർഷം | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2022-23 | 07.12.2023, 08.12.2023 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1922/2023 തീയതി: 21.12.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ട് വിനിയോഗം

2022-23 സാമ്പത്തിക വർഷം തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾ നടപ്പാക്കുന്നതിനായി ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് നമ്പർ,പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 236/23,ആട് ഗ്രാമം-ഹരിത വാർഡ് 5 | 2,00,000 | 0 |
| | 3,00,000 | 116/23,ഗൃഹകേന്ദ്രീകൃത സാന്ത്വന പരിചരണം 2022-23 | 3,00,000 | 0 |
| | 1,00,000 | 227/23,അതിദരിദ്രരുടെമൈക്രോപ്ലാൻ | 1,00,000 | 0 |
| | 23,60,000 | 126/23,ലൈഫ് മിഷൻ ഭവനപദ്ധതി പട്ടികവർഗ്ഗം 2022-23 | 23,60,000 | 0 |
| | 4,80,000 | 22/23,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 4,80,000 | 0 |
| | 3,00,000 | 110/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 3,00,000 | 0 |
| ആകെ | ₹37,40,000 | | ₹37,40,000 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 5,00,000 | 116/23,ഗൃഹ കേന്ദ്രീകൃത സാന്ത്വന പരിചരണം | 5,00,000 | 0 |
| | 9,30,000 | 128/23,ലൈഫ് മിഷൻ ഭവന പദ്ധതി-2022-23 പട്ടികജാതി | 9,30,000 | 0 |
| | 2,80,000 | 120/23,ലൈഫ് മിഷൻ ഭവന പദ്ധതി-ജനറൽ 2022-23 | 2,80,000 | 0 |
| | 5,82,416 | 126/23,ലൈഫ് മിഷൻ ഭവനപദ്ധതി പട്ടികവർഗ്ഗം 2022-23 | 5,82,416 | 0 |
| | 1,60,000 | 22/23, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,60,000 | 0 |
| | 13,89,824 | 110/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 13,89,824 | 0 |
| | 13,10,704 | 49/23,തറ്റ്യാട് എസ് സി ശ്മശാനം ചുറ്റുമതിൽ | 13,10,704 | 0 |
| ആകെ | ₹51,52,944 | | ₹51,52,944 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെയും തുക ചെലവഴിച്ച്

പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 217/2022-23, പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 338/30.3.2023 ₹13,51,361 339/30.3.2023 ₹5,21,384 | ₹18,72,745 | ₹18,72,745 | 0 |
| കെ എസ് ഇ ബി | 189/2022-23, ടേക്ക് എ ബ്രേക്ക് - കെട്ടിടം സ്ഥാപിക്കാൻ പോസ്റ്റ് മാറ്റിയതിന് കെ എസ് ഇ ബിക്ക് തുക കൈമാറൽ | ചെക്ക് നമ്പർ XY6441002/ 7.6.2022 | ₹120006 | ₹120006 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻ വർഷങ്ങളിൽ എടുത്ത വായ്പയിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും തിരിച്ചടവിനു ശേഷം നീക്കിയിരിപ്പുള്ള തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി, കെ.യു ആർ.ഡി.എഫ്.സി | പരിശോധനക്ക് ലഭിച്ചിട്ടില്ല | പരിശോധനക്ക് ലഭിച്ചിട്ടില്ല | 1,31,00,895(*) | 13,66,806 (**) | 0 | 11734089 (**) |

(*)2021-22 വാർഷിക ധനകാര്യ പത്രിക ബി 5 ഷെഡ്യൂൾ പ്രകാരമുള്ള തുക

(**)വികസന ഫണ്ട് അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്ന് കുറവു ചെയ്യുന്ന തുകയാണിത്. ഇതിൽ എസ് സി പി ഫണ്ട് രണ്ടാം ഗഡു അനുവദിക്കുമ്പോൾ കുറവു ചെയ്ത 84774 രൂപയിൽ 56875 രൂപ മൂന്നാം ഗഡു അനുവദിക്കുമ്പോൾ തിരിച്ചു നല്കിയിരുന്നു. ആയത് പരിഗണിക്കാതെ കണക്കുകൾ തയ്യാറാക്കിയതിനാൽ നീക്കിയിരിപ്പിൽ അത്രയും തുകയുടെ വ്യത്യാസമുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 8.5.3 | 1999-2000 | 3-2(എ) | കൃഷി ഓഫീസർ-ബി ഫണ്ട്-അധികം സബ്സിഡി തുക 26884 രൂപ അധികചെലവ്. | അധികം അനുവദിച്ച സബ്സിഡി തുക 26884 രൂപ റവന്യൂ റിക്കവറി നടപടികൾ മുഖേന ഈടാക്കിയിട്ടുണ്ട്. |
| 2010-11 | 2-14 | 2007-08 | 3-5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-ഊർജ്ജസുരക്ഷാ മിഷനിൽ നിക്ഷേപിച്ച തുക ഉപയോഗപ്രദമായിട്ടില്ല. | നിർവഹണ ഏജൻസിയായ അനർട്ട് തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. |
| 2016-17 | 1 | 2013-14,2014-15 | 2-1 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | തുടരുന്നു |
| 2016-17 | 2 | 2013-14,2014-15 | 2-3 | തൊഴിൽ നികുതി പിരിവ്-അപാകങ്ങൾ | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 5,36,40,960 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 4,02,09,055 |
| വരവിനങ്ങളിലുള്ള നഷ്ടം | : 7200 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 4750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 20,07,101 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നത് | ചെയ്യാവുന്നത് | |
|---|---|---|---|
| 2-1 | 7200 | | ശ്രീ.ദിനേശൻ കെ , സെക്രട്ടറി ₹1800<br>ശ്രീ.അജിത്ത് കുമാർ വി പി, അസിസ്റ്റന്റ് സെക്രട്ടറി(അഡിഷണൽ ചാർജ്ജ്)-₹5100<br>ശ്രീ.ശിഹാബ് എം, സെക്രട്ടറി-₹300 |
| 3-1 | | 4750 | ശ്രീമതി ഷീജ ആൻഡ്രൂസ്, ഹെഡ് മിസ്ട്രസ് |
| ആകെ | ₹7200 | ₹4750 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 140029 | ശ്രീ.ശിഹാബ് എം , സെക്രട്ടറി |
| 1-20 | 349690 | ശ്രീ.അജിത്ത് കുമാർ വി പി, അസിസ്റ്റന്റ് സെക്രട്ടറി(അഡിഷണൽ ചാർജ്ജ്) |
| 1-22 | 322152 | ഡോ.സീമി എം വി, മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി |
| 1-24 | 14950 | ഡോ.സീമി എം വി, മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി |
| 1-26 | 16140 | ശ്രീ ഹുസൈൻ കെ , അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 600000 | ശ്രീ രാജീവ് സി കെ,വി ഇ ഒ , വെള്ളാട് സർക്കിൾ |
| 1-31 | 198592 | ശ്രീമതി.സജന കായക്കീൽ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-32 | 52696 | ശ്രീമതി.സജന കായക്കീൽ ,ഐസിഡിഎസ് സൂപ്പർവൈസർ |
| 1-33 | 110259 | ശ്രീമതി.സജന കായക്കീൽ ,ഐസിഡിഎസ് സൂപ്പർവൈസർ |
| 1-34 | 72173 | ശ്രീമതി ധന്യ കെ ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 57000 | ശ്രീമതി ധന്യ യു കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 73420 | ശ്രീ ശരത് പോൾ,അസിസ്റ്റന്റ് എഞ്ചിനീയർ- ₹49420<br>ശ്രീ.എസ്.എസ്.ധനുഷ്,അസിസ്റ്റന്റ് എഞ്ചിനീയർ- ₹24,000 |
| ആകെ | 20,07,101 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ദിനേശൻ, സെക്രട്ടറി | വിരമിച്ചു | ഉഷ ഭവൻ,<br>എളയാവൂർ,<br>വാരം(പി.ഒ),<br>കണ്ണൂർ-670594 |
| ശ്രീ.അജിത്ത് കുമാർ വി പി, അസിസ്റ്റന്റ് സെക്രട്ടറി (അഡിഷണൽ ചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി,മാടായി ഗ്രാമപഞ്ചായത്ത് | വടക്ക് പെരിങ്ങാട്,<br>കൈതപ്രം പി ഒ |
| ശ്രീ.ശിഹാബ് എം, സെക്രട്ടറി | ലഭ്യമാക്കിയിട്ടില്ല | ഷമീർ മൻസിൽ ,<br>കോൾമൊട്ട,<br>പറശ്ശിനിക്കടവ്(പി ഒ) |
| ശ്രീമതി ഷീജആൻഡ്രൂസ്, ഹെഡ് മിസ്ട്രസ് | ജി എൽ പി എസ്, കീഴാറ്റൂർ | ചെരുവിൽ ഹൗസ്,<br>കുറ്റിക്കോൽ പി ഒ,<br>തളിപ്പറമ്പ |
| ഡോ.സീമി എം വി, മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ , പി എച്ച് സി , തേർത്തല്ലി | താഴെ കണാരൻ കണ്ടിയിൽ, കൊട്ടയാട് കവല, ആലക്കോട് |
| ശ്രീ ഹുസൈൻ കെ , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കുറ്റ്യാട്ടൂർ | ദാറുസ്സലാം,പാറസായി, ഇരിക്കൂർ |
| ശ്രീ രാജീവ് സി കെ,<br>വി ഇ ഒ, വെള്ളാട് സർക്കിൾ | വി ഇ ഒ ,ചെറുപുഴ ഗ്രാമപഞ്ചായത്ത് | ചപ്പിലി ഹൗസ്,<br>നൃനടുവിൽ പി ഒ |
| ശ്രീമതി.സജന കായക്കീൽ, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ,ചെങ്ങളായി ഗ്രാമപഞ്ചായത്ത് | മേലത്ത് വളപ്പിൽ ,<br>പൂമംഗലം, പന്നിയൂർ |
| ശ്രീമതി ധന്യ യു കെ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അഴീക്കോട് ഗ്രാമപഞ്ചായത്ത് | കരുണ, നിയർ ജി എച്ച് എസ് എസ് ,<br>പരിയാരം പരിയാരം പി ഒ |
| ശ്രീ ശരത് പോൾ,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ, മട്ടന്നൂർ | കാപ്പുങ്കൽ ഹൗസ്,<br>പാലക്കുളങ്ങര, |

| | | |
|---|---|---|
| | സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പ്രോജക്ട് | തളിപ്പറമ്പ പി ഒ |
| ശ്രീമതി ധന്യ കെ ബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,കുറോപ്പാട് സെക്ഷൻ, കോട്ടയം | സങ്കീർത്തനം,വെള്ളൂർ, കോട്ടയം |
| ശ്രീ.എസ്.എസ്.ധനുഷ്,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാനന്തവാടി മുനിസിപ്പാലിറ്റി | താമരാൽ ശശിമന്ദിരം, വടക്കുംഭാഗം, ചവറ സൗത്ത്, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 2 |
| 1999-2000 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 1 |
| 2000-01 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 2 |
| 2005-06 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 1 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 1 |
| 2007-08 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 2 |
| 2008-09,2009-10, 2010-11 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 5 |
| 2011-12 2012-13 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 3 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 5 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 5 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി 12/1430/22 തീയതി 27.11.2022 | 9 |
| 2019-20 | കെ എസ് എ /കെ എൻ ആർ/സി 12/1537/22 തീയതി 24.05.23 | 18 |
| 2020-21 | കെ എസ് എ /കെ എൻ ആർ/സി 12/1538/22 തീയതി 08.06.23 | 29 |
| 2021-22 | കെ എസ് എ /കെ എൻ ആർ/സി 12/983/23 തീയതി 27.11.23 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 21(1)/2023 dated 30-06-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Naduvil Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Naduvil Grama Panchayat for the year 2022-2023

Date: 21/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Naduvil Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit

A. Ratios B. Notes on account

2.Cash flow statement , Net increase/decrease in cash flow does not match with the difference between the opening and closing balance of cash and cash equivalents

3.Details of Stale cheques recorded in B 9 Schedule of balance sheet were not produced for verification in audit.

4.Payment voucher misclassification- some payments are booked under wrong account heads

5.Demand registers do not match with Annual Financial Statement- property tax, Paramedical registration fee, FTE & OS

license.

6.The following registers are not updated

a)Asset register b)Loan register

7.Appropriation control register to record fund received from central government , state government and other agencies is not maintained .

8.Certified annual abstract of Deposits is not pasted in deposit register

9.Lapse in making timely and accurate demand entries in respect of tax and non tax revenues

10.Balace shown under the head of account suchitwa mission in B 4 schedule of balance sheet is incorrect

11.Calculation sheets related to values of assets and depreciation were not produced for verification in audit

12.MNREGS , capital expenditure were not booked under capital contribution.

13.Secured loan , outstanding amount shown in B 5 schedule is incorrect.

14.Accounting details of amount shown under different head of accounts in B4 schedule were not produced for verification.

15.MNREGS, amount shown in I 6 (Rs. 51916070) schedule and I 14 (Rs.42818380) schedule do not match.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Naduvil Grama Panchayat<br><br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 35026360.00 |
| Cash | Cash | RP-40(a) | 199112.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1182210.00 |
| 130000000 | Rental income from Panchayat Properties | RP-3 | 6000.00 |
| 140000000 | Fees & User Charges | RP-4 | 1575610.00 |
| 150000000 | Sale & Hire Charges | RP-5 | 104701.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15613000.00 |
| 171000000 | Interest Earned | RP-9 | 710081.00 |
| 190000000 | Prior Period Income | RP-11 | 20884.00 |
| 210000000 | Establishment Expenses | RP-12 | 450.00 |
| 220000000 | Administrative Expenses | RP-13 | 10008.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 592.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 1263.00 |
| 311000000 | Earmarked Funds | RP-28 | 12166.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 22440315.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10702438.00 |
| 460000000 | Loans, Advances and Deposits | RP-49 | 17000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 246409.00 |
| 340000000 | Deposits Received | RP-33 | 56158.00 |
| 350000000 | Other Liabilities | RP-35 | 941675.00 |
| | Grand total | | 88866432.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 374074.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11500.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 57000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2796693.00 |
| 460000000 | Loans, Advances and Deposits | RP-49 | 855343.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 340000000 | Deposits Received | RP-33 | 272328.00 |
| 350000000 | Other Liabilities | RP-35 | 35842117.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 48640335.00 |
| Cash | Cash | RP-40(b) | 17042.00 |
| | Grand Total | | 88866432.00 |

2.Income & Expenditure statement

| Naduvil Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6428287.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 6000.00 |
| 140000000 | Fee & User Charges | I-4 | 1952859.00 |
| 150000000 | Sale & Hire Charges | I-5 | 156977.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 211434107.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 710081.00 |
| 180000000 | Other Income | I-9 | 246409.00 |
| 190000000 | Prior Period Income | I-19 | 1150137.00 |
| | Total Income | | 220934720.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 14338543.00 |
| 220000000 | Administrative Expenses | I-11 | 1533111.00 |
| 230000000 | Operations & Maintenance | I-12 | 1149871.00 |
| 240000000 | Interest & Finance Charges | I-13 | 2209.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11510664.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 43264077.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3695421.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 42595027.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 71139600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 223353.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 13650723.00 |
| | Total Expenditure | | 203102599.00 |
| | Gross Surplus / Deficit of income over Expenditure | | 17832121.00 |
| | Gross Surplus / Deficit of income over Expenditure | | 18977385.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 4873.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 1145264.00 |

3.Balance Sheet

| Naduvil Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 35578734.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2149.00 |
| 312000000 | Reserves | B-3 | 95129212.00 |
| | Total Reserve & Surplus | | 130710095.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 23744440.00 |
| | Total Grants, Contributions for Specific Purposes | | 23744440.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11677214.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 11677214.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 221239.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2529731.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2750970.00 |
| | TOTAL LIABILITIES | | 168882719.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1178264.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 110916.00 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 18772185.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 161901635.00 |
| 416000000 | Accumulated Depreciation | B-11(a) | -71633868.00 |
| | Total Fixed Assets | | 110329132.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2951493.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 48657377.00 |
| 460000000 | Loans, Advances and Deposits | B-18 | 6944717.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 58553587.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 168882719.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ